1T Section

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ: 451 | 14.07.09-ൽ<br>മറുപടിക്ക് |

**കേന്ദ്ര സഹായത്തോടെ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. എൻ. അനിരുദ്ധൻ<br>" വി.എസ്. സുനിൽ കുമാർ<br>" ബാബുപോൾ<br>" കെ. രാജു | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ ഒരു ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ; | (എ) ഉണ്ട്. പത്തനംതിട്ട ജില്ലയിലെ കോന്നി പഞ്ചായത്തിൽ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്മെന്റ് എന്ന പേരിൽ ഒരു സ്ഥാപനം കേന്ദ്ര സഹായത്തോടെ ഭക്ഷ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരമുള്ള ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം, ഭക്ഷ്യ ഗുണമേന്മാ പരിശോധനാ ലാബോറട്ടറി, ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ്, ദേശീയ ഭക്ഷ്യ ഗവേഷണ കേന്ദ്രം, ദേശീയ ഭക്ഷ്യ പാർക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ ഭക്ഷ്യ ഗുണമേന്മാ പരിശോധന ലബോറട്ടറിയുടെ ഭാഗമായ മൈക്രോബയോളജി ലാബോറട്ടറി പ്രവർത്തനമാരംഭിച്ചു.<br><br>കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നതും കേരളീയ കമ്പോളങ്ങളിൽ നിലവിലുള്ളതുമായ ഭക്ഷ്യ പാനീയ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമുള്ള ലാബോറട്ടറിയാണിത്.<br><br>ഭക്ഷ്യവസ്തുക്കൾ ഉപയോഗയോഗ്യമാണോ എന്ന് അതിലുള്ള സൂക്ഷ്മാണുക്കളുടെ സാന്നിദ്ധ്യം പരിശോധിച്ച് കണ്ടെത്താനുള്ള സംവിധാനം ലഭ്യമാണ്. ഭക്ഷ്യ വിഷ ബാധ ഉണ്ടാക്കുന്ന സൂക്ഷ്മാണുക്കളായ ഇ.കോളി, സ്റ്റാഫ് ഓറിയസ്, |

| | |
|---|---|
| | സാൽമൊണല്ല, വിബ്രിയോകോളറ തുടങ്ങിയ രോഗാണുക്കളുടെ സാന്നിദ്ധ്യം ഭക്ഷ്യ വസ്തുക്കളിൽ ഉണ്ടോ എന്ന് പരിശോധിച്ചറിയുവാനുള്ള സംവിധാനവും ഉണ്ട്.<br><br>തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജിൽ ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് എന്ന വിഷയത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ ഈ വർഷം ആരംഭിക്കുവാൻ പദ്ധതിയുണ്ട്. |
| (ബി) ഈ സ്ഥാപനത്തിന്റെ അനുബന്ധമായി ആരംഭിക്കേണ്ട വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്മെന്റിന്റെ കീഴിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. |
| (സി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്ര; ഇതിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര | (സി) അടങ്കൽ തുക 95.33 കോടി രൂപ. ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഇപ്പോൾ നടപ്പിലാക്കുന്നതിന്റെ കേന്ദ്ര വിഹിതം 21.19 കോടി രൂപയും സംസ്ഥാന വിഹിതം 6.95 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 452 — 14.07.2009-ൽ മറുപടിയ്ക്ക്

## വനപാലകർക്ക് ആധുനിക ആയുധങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ആധുനിക ആയുധങ്ങളുമായി കാട്ടിലെത്തുന്ന വനംകൊള്ളക്കാരെ നേരിടുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമുള്ള ആയുധം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ആധുനിക ആയുധങ്ങളുമായി കാട്ടിലെത്തുന്ന വനംകൊള്ളക്കാരെ നേരിടുന്നതിന് കൂടുതൽ രൂക്ഷമായ സംരക്ഷണ പ്രശ്നങ്ങൾ ഉള്ള സ്ഥലങ്ങളിലും ആക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ ജോലി നോക്കുന്ന വനംവകുപ്പ് ഉദ്യോഗസ്ഥർക്കും തോക്കുകൾ നൽകിയിട്ടുണ്ട്. ഇത് കൂടാതെ വിജിലൻസ് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫ്ലയിംഗ് സ്ക്വാഡുകളിലും തോക്കുകൾ നൽകിയിട്ടുണ്ട്. സംരക്ഷണ പ്രശ്നബാധിത പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വൈൽഡ് ലൈഫ് വാർഡൻമാർ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻമാർ, റെയിഞ്ച് ഓഫീസർമാർ എന്നിവർക്ക് കൈത്തോക്കുകളും നൽകി യിട്ടുണ്ട്. |
| (ബി) ആയുധം ഉപയോഗിക്കുന്നതിൽ എന്തെങ്കിലും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ, വിശദാംശം വെളിപ്പെടുത്തുമോ; | (ബി) സ്വയരക്ഷയ്ക്ക് മാത്രമേ ആയുധങ്ങൾ ഉപയോഗിക്കാവൂ എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) കൂടുതൽ ആധുനിക ആയുധങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) എങ്കിൽ ഇത് എന്ന് മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) നൽകേണ്ട ആയുധങ്ങളുടെ പ്രത്യേകതകൾ, അവ ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള പരിശീലന പരിപാടികൾ, ഫണ്ടിന്റെ ലഭ്യത, സുരക്ഷാ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം വിശദമായ ചർച്ചകൾ നടത്തിയതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 453** — **14-7-2009**-ൽ മറുപടിക്ക്

അച്ചടിജോലികൾ ഔട്ട്സോഴ്സ് ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്ന **നേട്ടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ബാബു പ്രസാദ്<br>ശ്രീ. കെ. ബാബു | ശ്രീ. വി. എസ്. **അച്യുതാനന്ദൻ**<br>(മുഖ്യമന്ത്രി) |
| (എ) **സർക്കാരിന്റെ** അച്ചടി ജോലികൾ ഔട്ട്**സോഴ്സ് ചെയ്യാൻ** ഉദ്ദേശിക്കുന്നുണ്ടോ ; | (എ) അച്ചടി ജോലികൾ ഔട്ട് **സോഴ്സ്** ചെയ്യുന്നത് നയമല്ലെങ്കി**ലും** അടിയന്തിര ഘട്ടങ്ങളിൽ നടപടി ക്രമങ്ങൾ പാലിച്ച് ചട്ടപ്രകാ**രം** അച്ചടി ജോലികൾ ഔട്ട് **സോഴ്സ്** ചെയ്യാറുണ്ട്. |
| (ബി) ഇതിനായി സർക്കാർ തലത്തിൽ എന്തെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഉണ്ടെങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ; | (സി) അനുബന്ധം I ആയി ചേർത്തിട്ടുണ്ട് |
| (ഡി) പ്രസ്തുത കമ്മിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് . | (ഡി) അച്ചടി ജോലി**കൾ ചെയ്യുന്നതി**നുള്ള ടെണ്ടർ **വിലയിരുത്തുക**. വിവിധ പ്രിന്റർമാരെ എം**പാനൽ** ചെയ്യുന്ന ടെണ്ടർ വിലയി**രുത്തുക** എന്നിവയാണ് കമ്മിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ |

| | | | |
|---|---|---|---|
| (ഇ) | ഗവൺമെന്റ് പ്രസ്സുകളും മറ്റ് പൊതുമേഖലാ അച്ചടി സ്ഥാപനങ്ങളും വികസിപ്പിക്കുന്നതിന് പകരം ഇത്തരത്തിൽ സർക്കാർ വക അച്ചടി ജോലികൾ ഔട്ട്സോഴ്സ് ചെയ്യുന്നതുമൂലം സർക്കാരിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ? | (ഇ) | പാഠപുസ്തകം പോലെ വളരെ അധികം എണ്ണമുള്ളതും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമായ അച്ചടി ജോലികൾ ഔട്ട്സോഴ്സ് ചെയ്യുന്നതുമൂലം പ്രസ്തുത അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

Annexure I

GOVERNMENT OF KERALA

Abstract

Higher Education Department – Kerala State Audio Visual and Reprographic Center – Constitution of Tender Evaluation Committee – Sanction accorded – orders issued.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

HIGHER EDUCATION (K) DEPARTMENT

G.O.(Rt.)No: 930/09/H.Edn. Dated, Thiruvananthapuram, 29/06/09

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

Read:- Letter No.KSAVRC/2125/TFO/09-10 dated 11-06-09 from the Managing Director, Kerala State Audio Visual and Reprographic Center, Thiruvananthapuram

## ORDER

The Managing Director, Kerala State Audio Visual and Reprographic Center as per the letter read above has reported to Government that the Executive Committee and the Governing Body Meetings of the Center held on 06-03-09 and 24-03-09 respectively has approved the norms for outsourcing of printing works over and above the capacity of the center. It is also informed that sanction was accorded for initiating the process as per the tender formalities for outsourcing of general works for the year 2009-10.

2. As per the above decisions, the Center has invited two tenders for the empanelment of Printers to carry on the works which are over and above the capacity of the Head office of Kerala State Audio Visual and Reprographic Center by fixing the condition for large and medium capacity press to undertake the works and for empanelment of Printers specially to carry on the works which are over and above the capacity of Sub-Centers of Kerala State Audio Visual and Reprographic Center by fixing the condition for medium capacity presses to undertake the work from sub-centers of Kerala State Audio Visual and Reprographic Center.

3. The Managing Director has now requested to accord sanction for the constitution of a Tender Evaluation Committee with following members to finalise the Tenders received.

a) Managing Director, Kerala State Audio Visual and Reprographic Center as Member and Convenor.
b) A printing expert from Government Press Thiruvananthapuram as Member
c) A Nominee from Stores Purchase Department as member
d) A printing expert from KSAVRC as member.

4. Government have examined the matter in detail and are pleased to accord sanction for the constitution of a tender evaluation committee with following members for the evaluation and selection of Tender offers received

against the above mentioned tenders for the selection of empanelment of printers of large and medium presses.

| | | |
|---|---|---|
| i) | The Managing Director, Kerala State Audio Visual and Reprographic Center | - Convenor |
| ii) | The Director of Printing | - Member |
| iii) | A representative of Stores Purchase Department (to be nominated by Principal Secretary, Stores Purchase Department) | - Member |
| iv) | A representative of General Education Department (to be nominated by Secretary, General Education Department) | - Member |
| v) | The Superintendent of Government Presses | - Member |
| vi) | The Principal, Institute of Printing Technology, Shoranur | - Member |
| vii) | An expert in Printing Technology (to be nominated by the Managing Director, Kerala Books and Publications Society) | - Member |
| viii) | An expert in Printing Technology (to be nominated by the Managing Director, Kerala State Audio Visual and Reprographic Center) | - Member |

By order of the Governor,
**CRIMON WESTER**
Deputy Secretary to Government.

To

The Managing Director, Kerala State Audio Visual and Reprographic Center, H.O.Complex, Vattiyoorkavu, Thiruvananthapuram – 13
The Director of Printing, Thiruvananthapuram
Superintendent of Government Presses, Thiruvananthapuram
Principal, Institute of Printing Technology, Shoranur
The Managing Director, Kerala Books and Publications Society, Kakkanad, Ernakulam
General Education Department
Stores Purchase Department
Stock File/Office Copy

Copy to :- P.A to Principal Secretary, Stores Purchase Department
PA to Secretary, General Education Department.

Forwarded/By order

SECTION OFFICER

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 454 14.7.2009-ൽ മറുപടിക്ക്

ഇലക്ട്രോണിക് ടിക്കറ്റിംഗ് സമ്പ്രദായം

ചോദ്യം

ശ്രീ. കെ.കുഞ്ഞിരാമൻ
ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി
ശ്രീ. പി.അയിഷാ പോറ്റി
ശ്രീ. എം.ഹംസ
ശ്രീ. കെ.ടി.ജലീൽ

ഉത്തരം

ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ സമ്പ്രദായം നടപ്പാക്കുന്നതിന്റെ പുരോഗതി വിശദമാക്കുമോ; | (എ) | 5.6.2003-ൽ കൊല്ലം ഡിപ്പോയിലാണ് കെ.എസ്.ആർ.ടി.സി. ആദ്യമായി ഇ.ടി.എം. വിതരണം ചെയ്തു തുടങ്ങിയത്. തുടർന്ന് ഘട്ടം ഘട്ടമായി ഇ.ടി.എം. നടപ്പിലാക്കുകയും 10.5.2009-ൽ പുതുക്കാട് ഓപ്പറേറ്റിംഗ് സെന്ററിൽ ഇ.ടി.എം. വിതരണം ചെയ്തതോടുകൂടി കെ.എസ്.ആർ.ടി.സി. യുടെ എല്ലാ സർവീസുകളും ഇ.ടി.എം. ഉപയോഗിച്ചു തുടങ്ങി. |
| (ബി) | ഇ.ടി.എം ഏത് കമ്പനിയിൽ നിന്നാണ് വാങ്ങുന്നത്; ഇവയുടെ വില എത്രയാണ്; മെഷീനുകളുടെ റിപ്പയറിംഗിനും സർവ്വീസിംഗിനും കമ്പനിയുടെ തുടർ സേവനം ലഭിക്കുന്നുണ്ടോ; | (ബി) | മൈക്രോ എഫ്.എക്സ്, സോഫ്റ്റ് ലാന്റ് ഇന്ത്യാ ലിമിറ്റഡ് എന്നീ രണ്ട് കമ്പനികളിൽ നിന്നുമാണ് ഇ.ടി.എം.കൾ വാങ്ങിയിട്ടുളളത് രണ്ട് ഘട്ടങ്ങളിലായിട്ടാണ് ഇ.ടി.എം. വാങ്ങിയത്. 2003-ൽ 8,469/- രൂപ നിരക്കിൽ 4,000 ഇ.ടി.എം. കളും, 2008-ൽ 4,585/- രൂപ നിരക്കിൽ 2,000 ഇ.ടി.എം. കളും വാങ്ങുകയുണ്ടായി. കൂടാതെ 8,469/- രൂപ നിരക്കിൽ 2003-ൽ വാങ്ങിയ ഇ.ടി.എം. കൾക്ക് പകരം കൂടുതൽ കാര്യക്ഷമതയുള്ള ഇ.ടി.എം. കൾ **ബൈബാക്ക് സ്കീം** -ലൂടെ 3,861/- രൂപ നിരക്കിൽ 2008-ൽ ലഭ്യമാക്കി.<br><br>മെഷീനുകളുടെ റിപ്പയറിംഗിനും, സർവീസിനും കമ്പനികളുടെ തുടർ സേവനം ലഭിക്കുന്നുണ്ട്. ഇതിനായി പ്രസ്തുത കമ്പനികൾക്ക് ആനുവൽ |

| | | | |
|---|---|---|---|
| | | | മെയിന്റനൻസ് കോൺട്രാക്ട് (AMC) നൽകിയിട്ടുണ്ട്. |
| (സി) | മെഷീൻ സമ്പ്രദായം നടപ്പാക്കിയതിനുശേഷം ഉണ്ടായിട്ടുള്ള നേട്ടം വ്യക്തമാക്കുമോ; | (സി) | നിലവിലുണ്ടായിരുന്ന സാധാരണ റാക്ക് തയ്യാറാക്കുന്നതിനും വേബില്ലുകൾ തയ്യാറാക്കുന്നതിനും അവ ഓഡിറ്റ് ചെയ്യുന്നതിനും വേണ്ടി വരുന്ന മനുഷ്യ പ്രയത്നം കുറയ്ക്കുവാൻ കഴിഞ്ഞു. സർവ്വീസ് ഓപ്പറേഷനെ സംബന്ധിക്കുന്ന കൃത്യമായ വിവരങ്ങൾ വളരെ വേഗതയിൽ ലഭ്യമാക്കുവാൻ കഴിയുന്നു. ഓഡിറ്റിംഗ് അപ്പപ്പോൾ തന്നെ നടക്കുന്നതിനാൽ ഷോർട്ട് റെമിറ്റൻസ് ഒഴിവാക്കാൻ കഴിയുന്നു. കണ്ടക്ടർമാരുടെ ജോലിഭാരം കുറയ്ക്കുവാനും, ഇൻസ്പെക്ടർമാർക്ക് ടിക്കറ്റ് പരിശോധന എളുപ്പമാക്കാനും കഴിയുന്നു. |
| (ഡി) | ഇതിനകം എത്ര മെഷീനുകൾ വാങ്ങിയിട്ടുണ്ട്; | (ഡി) | ആറായിരം (6,000) മെഷീനുകൾ വാങ്ങിയിട്ടുണ്ട്. |
| (ഇ) | പൂർണ്ണമായും ഇ.ടി.എം. സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ഇ ) | കെ.എസ്.ആർ.ടി.സി. യുടെ എല്ലാ സർവ്വീസുകളിലും ഇതിനകം തന്നെ പൂർണ്ണമായും ഇ.ടി.എം. നൽകിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **455** | **14.07.2009**-ൽ മറുപടിയ്ക്ക്

" കേന്ദ്രത്തിനു സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കുന്നതിനായി പ്രത്യേക സംവിധാനം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. പി. ജയരാജൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ വി. ശശികുമാർ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി ) |
| (എ) കേരള സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) കേന്ദ്ര ഗവൺമെന്റിന്റെയും പാർലമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടു വരേണ്ടതും അംഗീകാരം നേടിയെടുക്കേണ്ടതുമായ പദ്ധതികളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും ഓരോ പാർലമെന്റ് സമ്മേളനത്തിനും മുമ്പായി എം.പി. മാരുടെ യോഗം വിളിച്ചു ചേർത്ത് ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്യാറുണ്ട്. കൂടാതെ, മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഡൽഹിയിൽ പ്രധാനമന്ത്രിയേയും മറ്റു കേന്ദ്ര മന്ത്രിമാരേയും നേരിട്ട് കണ്ട് ആവശ്യങ്ങൾ ഉന്നയിക്കുകയും നിവേദനങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ നിരന്തരമായി എല്ലാ മന്ത്രാലയങ്ങൾക്കും കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ ഓർമ്മക്കുറിപ്പുകൾ അയയ്ക്കാറുമുണ്ട്. |

(ബി) കേന്ദ്ര സർക്കാരിൻെറ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) കുട്ടനാട്-ഇടുക്കി പാക്കേജുകൾക്കുള്ള കേന്ദ്ര സഹായം അനുവദിച്ചു നൽകൽ, നാളികേര വികസന പദ്ധതികൾ, മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികൾക്ക് ധനസഹായം, ക്ഷീര വികസന മേഖലയിലെ വിവിധ പദ്ധതികൾ, ദേശീയ ജലപാതയ്ക്കും മറ്റു ജലപാതകൾക്കുമുള്ള കേന്ദ്ര സഹായം, വിവിധ കാർഷിക കടാശ്വാസ പദ്ധതികൾ, തങ്കശ്ശേരി, കായംകുളം, വിഴിഞ്ഞം, ചോമ്പാൽ, പുതിയാപ്പ തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണത്തിന് പുതുക്കിയ പദ്ധതി അംഗീകരിക്കൽ, വിഴിഞ്ഞം, വല്ലാർപാടം തുറമുഖങ്ങൾക്ക് ഫ്രൈറ്റ് കോറിഡോർ നിർമ്മിക്കൽ, പൂവാറിൽ അന്താരാഷ്ട്ര നിലവാരമുള്ള കപ്പൽനിർമ്മാണശാല സ്ഥാപിക്കൽ, വെട്ടിക്കുറച്ച അരിവിഹിതം പുനഃസ്ഥാപിക്കൽ, വെളിച്ചെണ്ണയ്ക്ക് സബ്സിഡി നൽകൽ, 2010-ലെ ദേശീയ ഗെയിംസിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കൽ, ഐ.ഐ.റ്റി. സ്ഥാപിക്കൽ, അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് കാമ്പസിന് തുക അനുവദിക്കൽ, നാഷണൽ മറൈൻ പോലീസ് അക്കാഡമി സ്ഥാപിക്കൽ, കൊല്ലത്ത് കാഷ്യൂ ബോർഡ് സ്ഥാപിക്കൽ, കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ, ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി, കായംകുളം താപവൈദ്യുത നിലയം വികസിപ്പിക്കൽ, സതേൺ ഗ്യാസ് ഗ്രിഡ് കേരളത്തിൽ കൂടി കടന്നുപോകുന്നതിനുള്ള നടപടി സ്വീകരിക്കൽ, തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കൽ, ബൈപാസ് റോഡുകളുടെ നിർമ്മാണത്തിന് തുക അനുവദിക്കൽ, ദേശീയ പാത നാലുവരിയാക്കൽ, പ്രകൃതി ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കൽ, പെനിൻസുലാർ റയിൽവേ സോൺ അനുവദിക്കുക, റയിൽപാത ഇരട്ടിപ്പിക്കുന്നതിന് തുക അനുവദിക്കുക, പാത വൈദ്യുതീകരണത്തിന് തുക അനുവദിക്കുക, പാലക്കാട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക

ചേർത്തലയിൽ വാഗൺ ഫാക്ടറി സ്ഥാപിക്കുക, നേമത്ത് വാഗൺ റിപ്പയർ വർക്ക്ഷോപ്പ് സ്ഥാപിക്കുക, പുതിയ റയിൽപാതകൾ അനുവദിക്കുക, മുഖ്യ റയിൽവേ സ്റ്റേഷനുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മുംബൈ-കന്യാകുമാരി ഹൈസ്പീഡ് കോറിഡോർ സ്ഥാപിക്കുക, പുതിയ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുക, മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുക തുടങ്ങിയവയാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള പ്രധാന പദ്ധതികൾ.

| | |
|---|---|
| (സി) ഈ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ 100 ദിവസത്തിനകം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) കഴിയുന്നത്രയും പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ 100 ദിവസത്തിനകം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 456 — 14.07.2009 -ൽ മറുപടിയ്ക്ക്

## ഹരിത തീരം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം. ആരിഫ്<br>,, സി.എം. ദിനേശ് മണി<br>,, സി. എച്ച്. കുഞ്ഞമ്പു<br>,, എം. പ്രകാശൻ മാസ്റ്റർ<br>,, സി.കെ. സദാശിവൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 'ഹരിത തീരം' പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) കേന്ദ്രസർക്കാരിന്റെ സുനാമി ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ചുകൊണ്ട് കേരളത്തിലെ തീരപ്രദേശങ്ങളിൽ പ്രകൃതിക്ഷോഭങ്ങളെ ചെറുക്കാൻ ജൈവവേലി നിർമ്മിക്കുന്നതിനും കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുള്ളതാണ് ഹരിതതീരം പദ്ധതി. തീര സംരക്ഷണ വനവൽക്കരണ സമിതി (ടി.എസ്.വി.എസ്.) എന്ന പേരിൽ തീരദേശവാസികളെ ഉൾപ്പെടുത്തി തീരദേശവാർഡുതലത്തിൽ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. തീരപ്രദേശത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതും തൈനടീൽ, പരിപാലനം, സംരക്ഷണം തുടങ്ങിയ വനവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും അതാത് വാർഡു മെമ്പറോ, കൗൺസിലറോ ചെയർമാനായ ഈ സമിതി വഴിയാണ്. 2007-08 വർഷത്തിൽ 106-ഉം 2008-09 വർഷത്തിൽ 26 -ഉം ടി.എസ്.വി.എസ്സുകൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2007-08ൽ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലാകെ 105 ഹെ. പ്രദേശത്ത് അനുയോജ്യമായ തൈകൾ നട്ട് ജൈവകവചം നിർമ്മിക്കുകയും 2.65 ഹെക്ടർ പ്രദേശത്ത് കണ്ടൽക്കാടുകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2008-09 വർഷത്തിൽ 56.40 ഹെ. പ്രദേശത്ത് ജൈവകവചവും 12 ഹെ. പ്രദേശത്ത് കണ്ടൽക്കാടുകളും നട്ടു പിടിപ്പിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; | (ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഒമ്പത് തീരദേശ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ആകെ എത്ര ഹെക്ടർ പ്രദേശത്ത് വൃക്ഷവത്ക്കരണം നടത്തി എന്ന് വെളിപ്പെടുത്തുമോ ; | (സി) | 178.05 ഹെക്ടർ. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിൽ തീരദേശ വാസികളുടെ പൂർണ്ണ സഹകരണം ലഭിക്കുന്നുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | ഈ വർഷത്തെ പ്രവർത്തന ലക്ഷ്യം വ്യക്തമാക്കുമോ ; | (ഇ) | കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നട്ടുപിടിപ്പിച്ച തോട്ടങ്ങളുടെ പരിചരണ -പരിപാലന പ്രവർത്തനങ്ങളും, കാസർഗോഡ് 2 ഹെ. പ്രദേശത്ത് കണ്ടൽക്കാട് നട്ടുപിടിപ്പിക്കുന്നതിനുമാണ് ഈ വർഷം ലക്ഷ്യമിട്ടിട്ടുള്ളത്. |
| (എഫ്) | പദ്ധതി പ്രകാരം ഇതിനകം എത്ര വൃക്ഷത്തൈകൾ നട്ടിട്ടുണ്ടെന്ന് അറിയിക്കുമോ ? | (എഫ്) | 22,52,130 വൃക്ഷത്തൈകൾ |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 457 14.7.2009-ൽ മറുപടിക്ക്

സൗജന്യ യാത്രാ സൗകര്യം

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി
ശ്രീ . എ.സി.മൊയ്തീൻ
ശ്രീ. രാജു എബ്രഹാം
ശ്രീമതി. കെ.എസ്.സലീഖ
ശ്രീ. വി. ശശികുമാർ

ഉത്തരം

ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. സൗജന്യയാത്രാസൗകര്യം ഏതെല്ലാം വിഭാഗങ്ങൾക്കാണ് നൽകിയിട്ടുള്ളത്; | (എ) | അന്ധർ, സ്വാതന്ത്ര്യ സമരസേനാനികൾ , സ്വാതന്ത്ര്യ സമരസേനാനികളുടെ വിധവമാർ, എം.എൽ.എ മാർ, മുൻ എം.എൽ.എ.മാർ, മുൻ ഗതാഗത വകുപ്പ് മന്ത്രി, അർജുന-ദ്രോണാചാര്യ-കബീർ-ദേശീയ പുരസ്കാര ജേതാക്കൾ, ബി.എസ്.എസ്. സംസ്ഥാന ചെയർമാൻ, കെ.എസ്.ആർ.ടി.സി. യുടെ ഡയറക്ടർ ബോർഡിലെ അംഗങ്ങൾക്കും, മുൻ അനൗദ്യോഗിക അംഗങ്ങൾക്കും, 70 വയസ്സ് കഴിഞ്ഞ മുൻ എം.എൽ.എ യെ അനുഗമിക്കുന്ന ഒരാളിന്, പി.സി.ആർ.എ-യിൽ നിന്നുള്ള അദ്ധ്യാപകർ, അംഗീകൃത തൊഴിലാളി സംഘടനകളുടെ ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ, ആർ.എ.ഒ യിലെ ജീവനക്കാർ എന്നിവർക്ക് സൗജന്യയാത്രാ സൗകര്യവും, വികലാംഗർ, ബധിര-മൂകർ, ബുദ്ധിമാന്ദ്യമുള്ളവരും അവരെ അനുഗമിക്കുന്ന ഒരാളിനും അക്രഡിറ്റേഷൻ ഉള്ളപത്രപ്രവർത്തകർ , വിദ്യാർത്ഥികൾ എന്നിവർക്ക് സൗജന്യ നിരക്കിലുള്ള യാത്രാസൗകര്യവും നൽകിയിട്ടുണ്ട്. ഇവ കൂടാതെ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും, |

| | | | |
|---|---|---|---|
| | | | പെൻഷൻകാർക്കും നിയന്ത്രണങ്ങൾക്ക് വിധേയമായി സൗജന്യയാത്രാ സൗകര്യം നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ വിഭാഗത്തിലും എത്രപേർക്കാണ് സൗജന്യ പാസ് നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (ബി) | 31.3.2009-ലെ കണക്കുപ്രകാരം സൗജന്യ പാസ് നൽകിയിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു. |
| (സി) | വിദ്യാർത്ഥികളിൽ നിന്നും എത്ര ശതമാനം ചാർജാണ് ഇപ്പോൾ ഈടാക്കുന്നത്; | (സി) | യഥാർത്ഥ യാത്രാ നിരക്കിന്റെ 12% തുക മാത്രമാണ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി വരുന്നത്. |
| (ഡി) | സാമൂഹ്യപ്രതിബദ്ധതയുടെ പേരിൽ നൽകുന്ന ഇളവുകളുടെ നഷ്ടം നികത്തുന്നതിന് സർക്കാരിൽ നിന്നും സഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സാമൂഹ്യപ്രതിബദ്ധതയുടെ പേരിൽ നൽകുന്ന ഇളവുകളുടെ നഷ്ടം നികത്തുന്നതിനായി സർക്കാരിൽ നിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം.457-ന്റെ 'സി' പിരിവിന്റെ അനുബന്ധം.

(a) സൗജന്യ പാസ്സുകൾ.

| | |
|---|---|
| അന്ധർ | 8,787 |
| സ്വാതന്ത്ര്യസമര സേനാനികൾ / അവരുടെ വിധവമാർ | 2,399 |
| എം.എൽ.എ. | 119 |
| മുൻ എം.എൽ.എ. | 278 |
| മുൻ ഗതാഗത വകുപ്പു മന്ത്രി | 1 |
| അർജുന-ദ്രോണാചാര്യ അവാർഡ് ജേതാക്കൾ | 18 |
| ദേശീയ-കബീർ പുരസ്കാര ജേതാക്കൾ | 2 |
| B.S.S സംസ്ഥാന ചെയർമാൻ | 1 |
| KSRTC ബോർഡ് അംഗങ്ങളും, മുൻ അനൗദ്യോഗിക അംഗങ്ങളും | 9 |
| 70 വയസ്സ് കഴിഞ്ഞ മുൻ എം.എൽ.എ.യെ അനുഗമിക്കുന്നയാൾ | 1 |
| PCRA അദ്ധ്യാപകർ | 4 |
| KSRTC-യിലെ അംഗീകൃത തൊഴിലാളി സംഘടനകളുടെ പ്രസിഡന്റ്/ജനറൽ സെക്രട്ടറി | 4 |
| R.A.O-യിലെ ജീവനക്കാർ | 17 |
| ആകെ | 11,640 |

(b) സൗജന്യനിരക്കിലുള്ള പാസ്സുകൾ.

| | | |
|---|---|---|
| വികലാംഗർ | 70% സൗജന്യം | 32,638 |
| ബധിര-മൂകർ | 50% സൗജന്യം | 4,002 |
| ബുദ്ധിമാന്ദ്യമുള്ളവരും അവരുടെ അനുഗാമിയും | 50% സൗജന്യം | 126 |
| അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർ | പ്രതിമാസം പാസ്സൊന്നിന് 125/- രൂപാ ക്രമത്തിൽ ലഭിക്കും. | 624 |
| പാസ് പുതുക്കാത്ത പത്രപ്രവർത്തകർ | - | 88 |
| ആകെ | | 37,478 |

| | |
|---|---|
| ആകെ പാസ്സുകൾ (a+b) | 49,118 |

കൂടാതെ KSRTC ജീവനക്കാർക്ക് ജോലിക്ക് വരുന്നതിനും, പോകുന്നതിനുമായി 34,623 പാസ്സും, KSRTC-യിൽ നിന്നും വിരമിച്ച പെൻഷൻകാർക്ക് 27,297 പാസ്സും ദൂരപരിധിയിൽ നിയന്ത്രണമേർപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 458 14.7.2009-ൽ മറുപടിക്ക്

ബസ്സുകളുടെ ഇന്ധനക്ഷമത

ചോദ്യം

ശ്രീ. ടി.പി. കുഞ്ഞുണ്ണി
'' ബാബു എം. പാലിശ്ശേരി
'' മഞ്ഞളാംകുഴി അലി
'' ബി രാഘവൻ
'' എ.എം. യൂസഫ്

ഉത്തരം

ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ബസ്സുകൾക്ക് ഇന്ധനക്ഷമത കൈവരിക്കാനായി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്നതിൽ വാഹനത്തിന്റെ ശരിയായ പരിപാലനത്തോടൊപ്പം ഡ്രൈവിംഗ് സ്വഭാവവും ഒരു പ്രധാന ഘടകമാണ്. മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കുന്നതിന് വേണ്ടി ഡ്രൈവർമാർക്ക് 28.2.2005 മുതൽ കേന്ദ്ര ഏജൻസിയായ പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷനുമായി (പി.സി.ആർ.എ) ചേർന്ന് പരിശീലനം നൽകി വരുന്നു. ഇതിന് പുറമെ അപകടരഹിതമായ ഡ്രൈവിംഗും , ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്നതിനുമായി മുഴുവൻ ഡ്രൈവർമാരെയും ഉൾപ്പെടുത്തി സമഗ്രമായ ഒരു പരിശീലന പരിപാടി 20.2.2007-മുതൽ ആരംഭിച്ചിട്ടുണ്ട്.<br><br>ഇതോടൊപ്പം തന്നെ ഡ്രൈവർമാർക്ക് പ്രോൽസാഹനം നൽകുന്നതിനും, അത് വഴി ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്നതിലേക്കുമായി ഓരോ മാസവും, ഒരു ലിറ്റർ ഡീസലിന് 5 ഉം അതിലധികവും, കിലോ മീറ്റർ ദൂരം സഞ്ചരിക്കുന്ന |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർക്ക് മാസം 300 രൂപ ഇൻസെന്റീവ് മാർച്ച് മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി ബസ്സുകളുടെ ഇന്ധനക്ഷമത 2007-ൽ 3.84 ഉം 2009-ൽ ഇത് 4.23 ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു. |
| (ബി) | ഇപ്പോൾ ബസ്സുകളുടെ ഇന്ധനക്ഷമത എത്രയാണ്; അയൽ സംസ്ഥാനങ്ങളിൽ ഇത് എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ 2009- മേയ് മാസങ്ങളിലെ ശരാശരി ഇന്ധനക്ഷമത, ലിറ്ററിന് 4.23 കിലോമീറ്റർ ആണ്. അയൽ സംസ്ഥാനങ്ങളിലെ ഇന്ധനക്ഷമത താഴെ കാണിക്കുന്ന പ്രകാരമാണ്.<br><br>നോർത്ത് വെസ്റ്റ് കർണ്ണാടക - 5.02<br>നോർത്ത് ഈസ്റ്റ് കർണ്ണാടക - 5.29<br><br>ബാംഗ്ലൂർ മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് കോർ. (ബി.എം.ടി.സി) -4.40<br>ടി.എൻ.എസ്.ടി.എൽ മദ്രാസ് 5.22<br>കുംഭകോണം -5.49<br>വില്ലുപുരം - 5.36<br>കോയമ്പത്തൂർ - 4.96<br>സേലം - 5.37<br>സ്റ്റേറ്റ് എക്സ്പ്രസ് - 4.87<br>(തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ) |
| (സി) | ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പുകളിലെ സൗകര്യം മെച്ചപ്പെടുത്തുമോ; | (സി) | മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | കാലപ്പഴക്കം ചെന്ന ബസ്സുകൾ സർവ്വീസ് നടത്താതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കോർപ്പറേഷന് ലാഭകരമായി അറ്റകുറ്റപണികൾ ചെയ്യാൻ കഴിയാത്തതും, 10 വർഷമോ പത്ത് ലക്ഷം കിലോമീറ്ററോ കഴിഞ്ഞ കാലപ്പഴക്കമുള്ള വാഹനങ്ങൾ സർവ്വീസ് നടത്താതിരിക്കുവാൻ വേണ്ടി ലേലം ചെയ്ത് വിൽക്കുന്നുണ്ട്.<br><br>കൂടാതെ ലാഭകരമായി അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കാത്തതിനാൽ ഐഷർ മിനി ബസ്സുകൾ മേജർ റിപ്പയർ വേണ്ടി വരുമ്പോൾ സർവ്വീസിൽ നിന്നും |

| | | | |
|---|---|---|---|
| | | | പിൻവലിച്ച് നല്ല യന്ത്ര സാമഗ്രികൾ മറ്റ് ഐഷർ വണ്ടികൾക്കായി ഉപയോഗിക്കുന്നതിന് വേണ്ടി എടുത്തതിന്ശേഷം, സ്ക്രാപ്പ് ചെയ്ത് ലേലം ചെയ്ത് വിൽക്കുന്നുണ്ട്. അതോടൊപ്പം മേൽ പറഞ്ഞ പഴയ മിനി ബസ്സുകൾ റണ്ണിംഗ് കണ്ടീഷനിൽ അംഗീകൃത വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് വില നിശ്ചയിച്ച് വില്പന ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : **459**.

14..7..2009 ൽ മറുപടിക്ക്

### "ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.**<br>**ശ്രീ. തോമസ് ചാഴികാടൻ എം.എൽ.എ.**<br>**ശ്രീ. ജോസഫ് എം. പുതുശ്ശേരി എം.എൽ.എ.** | **ശ്രീ. സി. ദിവാകരൻ**<br>**ഭക്ഷ്യ-സിവിൽ സപ്ലൈസ്, മൃഗസംരക്ഷണ വകുപ്പ് മന്ത്രി** |
| (എ) കേരളത്തിലെ ക്ഷീരസഹകരണസംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തൊക്കെ പദ്ധതികളാണ് ആധുനികവത്ക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സ്റ്റേഷൻ, ഇലക്ട്രോണിക് മിൽക്കോ ടെസ്റ്റർ, കമ്പ്യൂട്ടർ, മിൽക്ക് സ്കാനർ, വെയിംഗ് ബാലൻസ്, ഗുണനിലവാര പരിശോധനാ ഉപകരണങ്ങൾ, പാൽ ശീതീകരണികൾ (ബൾക്ക് മിൽക്ക് കൂളർ) മറ്റ് ആവശ്യാധിഷ്ഠിത ധനസഹായം എന്നിവ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്ഷീരസഹകരണ സംഘങ്ങളിൽ ഏർപ്പെടുത്തി വരുന്നു. |
| (സി) ഇതിനായി ഏതൊക്കെ ഏജൻസികളിൽ നിന്നും ധനസഹായം കിട്ടി, എത്ര തുക വീതം ലഭിച്ചു. അതിൽ എന്തു ചെലവഴിച്ചു. വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതിയിലുൾപ്പെടുത്തി 2008-09 ൽ 45 ലക്ഷം രൂപയും 2009-10 ൽ 60 ലക്ഷം രൂപയും ഗ്രാന്റായി അനുവദിക്കുകയുണ്ടായി. കൂടാതെ, കേന്ദ്രസർക്കാരിൽ നിന്നും രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിലുൾപ്പെടുത്തി 2008-09 ൽ 26.5 ലക്ഷം രൂപ ലഭിച്ചു. ഇതു കൂടാതെ 2008-09 സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി സുനാമി ബാധിത പ്രദേശങ്ങളിലെ 75 ക്ഷീരസഹകരണ സംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിന് 59.5 ലക്ഷം രൂപയും ചെലവഴിച്ചു. 2008-09 ൽ ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 30 സംഘങ്ങൾക്ക് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്, മിൽക്കോടെസ്റ്റർ, 80 സംഘങ്ങൾക്ക് മിൽക്ക് ടെസ്റ്റർ, 76 സംഘങ്ങൾക്ക് പുതിയ ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, 49 സംഘങ്ങൾക്ക് കമ്പ്യൂട്ടർ, 83 സംഘങ്ങൾക്ക് ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ, മിൽമയുടെ തിരുവനന്തപുരം |

മേഖലാ യൂണിയൻ കേന്ദ്രാവിഷ്കൃതപദ്ധതിയായ സ്ട്രെങ്ത്തനിംഗ് ഓഫ് ഇൻഫ്രാസ്ട്രക്ചർ ഫോർ ക്വാളിറ്റി ആന്റ് ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ (SIQ & CMP) പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ ക്ഷീരസംഘങ്ങളിൽ 873.693 ലക്ഷം രൂപ ചെലവഴിച്ച് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്, ബൾക്ക് മിൽക്ക് കൂളറുകൾ, ഗുണനിലവാര പരിശോധനാ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചു. ഇതിൽ 595.135 ലക്ഷം രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചിട്ടുള്ളതാണ്. കൂടാതെ, പത്തനംതിട്ട ജില്ലയിൽ 262.749 ലക്ഷം രൂപ ചെലവഴിച്ച് മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഊർജ്ജിത ക്ഷീരവികസന പദ്ധതി നടപ്പിലാക്കി. ഇതിൽ 248.83 ലക്ഷം രൂപ കേന്ദ്രസർ ക്കാർ ധനസഹായമായി ലഭിച്ചിട്ടുള്ളതാണ്. എറണാകുളം മേഖലാ യൂണിയന്റെ കീഴിവുള്ള ഇടുക്കി, എറണാകുളം, കോട്ടയം, തൃശൂർ എന്നീ നാലു ജില്ലകളിലായി 74 സഹകരണ സംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിച്ചു. ഇതിനു ചെലവായ 500.44 ലക്ഷം രൂപയിൽ 344.85 ലക്ഷം രൂപ കേന്ദ്രസർക്കാർ ധനസഹായമായി ലഭിച്ചു. കൂടാതെ, ഇടുക്കി, എറണാകുളം ജില്ലകളിലെ 49 സംഘങ്ങളിൽ 19.44 ലക്ഷം രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ ലഭ്യ മാക്കി. ഇതിനായി 14.58 ലക്ഷം രൂപ കേന്ദ്രസർക്കാർ ധനസഹായം ലഭ്യമായി. ഇടുക്കി ജില്ലയിൽ 5.93 ലക്ഷം രൂപ കേന്ദ്രസർക്കാർ ധനസഹായമുൾപ്പെടെ 7.91 ലക്ഷം രൂപ ചെലവിൽ 27 സംഘങ്ങളിൽ സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചു. എറണാകുളം മേഖലാ യൂണിയന്റെ കീഴിലുള്ള നാലു ജില്ലകളിലുമായി കേന്ദ്രസർക്കാർ ധനസഹായമായി ലഭിച്ച 62.38 ലക്ഷം രൂപ ചെലവിൽ 74 സംഘങ്ങൾക്കായി 2124 സ്റ്റീൽ കാനുകൾ വിതരണം ചെയ്തു. കൂടാതെ, എറണാകുളം മേഖലാ യൂണിയന്റെ തനതു ഫണ്ട് ചെലവഴിച്ച് 108 സംഘങ്ങളിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറും, 661 സംഘങ്ങളിൽ മിൽക്കോ ടെസ്റ്ററുകളും സ്ഥാപിച്ചു. മലബാർ മേഖലാ യൂണിയൻ 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഡി.ഡി.പി. പ്രകാരം 31..3..2009 വരെ 1014.37 ലക്ഷം രൂപ ചെലവഴിച്ച് 72 സംഘങ്ങളിൽ ആട്ടോമിറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുകയും 48 സംഘങ്ങളിൽ അതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. സംഘങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി മലബാർ യൂണിയൻ മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്ട്രെങ്ത്തനിംഗ് ഓഫ് ഇൻഫ്രാസ്ട്രക്ചർ ഫോർ ക്വാളിറ്റി ആന്റ് ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ (SIQ & CMP) പദ്ധതിയിലുൾപ്പെടുത്തി 72 സംഘങ്ങളിൽ 825 ലക്ഷം രൂപ ചെലവിൽ ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിലുൾപ്പെടുത്തി 40 കൂളറുകൾ ഇതിനകം സ്ഥാപിക്കുകയും ബാക്കി സംഘങ്ങളിൽ അതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. ഈ പദ്ധതിക്ക് 75% കേന്ദ്രസർക്കാർ ധനസഹായമാണ്. പൂർണ്ണമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഡി.ഡി.പി. സ്പെഷ്യൽ പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി 72 ലക്ഷം രൂപ ചെലവിൽ കാസർഗോഡ് ജില്ലയിലെ 3 ക്ഷീരസഹകരണ സംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകളും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **460** — 14.07.2009-ൽ മറുപടിയ്ക്ക്

## തേക്കുതടി ചില്ലറവിൽപ്പന

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ തടി ഡിപ്പോകളിൽ നിന്നും തേക്കു തടിയുടെ നിശ്ചിതശതമാനം പൊതുജനങ്ങൾക്ക് ചില്ലറവില്പന നടത്താൻ നിർദ്ദേശം നൽകിയി ട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഏതെല്ലാം തടി ഡിപ്പോകൾ വഴിയാണ് തടിവില്പന നടത്തുന്ന തെന്ന് അറിയിക്കുമോ; | (ബി) കേരള വനം വകുപ്പിന്റെ കീഴിൽ ഗാർഹികാവശ്യത്തിനുവേണ്ടി ചില്ലറവിൽപ്പന വഴി തടി വിറ്റുവരുന്ന ഡിപ്പോകളുടെ വിവരം അന്യത്ര ചേർത്തിരിക്കുന്നു. |
| (സി) ഒരാൾക്ക് പരമാവധി എത്ര ക്യുബിക് അടി തടിയാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (സി) 5 ക്യുബിക് മീറ്റർ (ഏകദേശം 175 ക്യുബിക് അടി) തേക്കുതടി. |
| (ഡി) സ്വന്തം ഭവനനിർമ്മാണത്തിനു വേണ്ടിയാണ് തടി വാങ്ങുന്ന തെന്ന് തെളിയിക്കുന്നതിനായി എന്തെങ്കിലും രേഖ നൽകേണ്ടതു ണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) സ്വന്തം **ഭവനനിർ**മ്മാണത്തിനായി തടി വാങ്ങാൻ ഉദ്ദേശിക്കുന്ന ആൾ ആയത് തെളിയിക്കുന്ന രേഖ (അംഗീകരിച്ച ബിൽഡിംഗ് പെർമിറ്റ്, വീടിന്റെ പ്ലാൻ മുതലായവ) നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സർക്കിളിന്റെ പേര് | സെയിൽസ് ഡിവിഷന്റെ പേര് | ഡിപ്പോയുടെ പേര് |
|---|---|---|
| കൊല്ലം | തിരുവനന്തപുരം | 1. കുളത്തൂപ്പുഴ<br>2. ആര്യങ്കാവ്<br>3. തെൻമല<br>4. അച്ചൻകോവിൽ<br>5. മുള്ളുമല |
| കൊല്ലം | പുനലൂർ | 1. തുയ്യം<br>2. കടക്കാമൺ<br>3. പത്തനാപുരം<br>4. കോന്നി<br>5. വീയ്യപുരം<br>6. അരീക്കക്കാവ് |
| കോട്ടയം | കോട്ടയം | 1. കോതമംഗലം<br>2. തലക്കോട്<br>3. വെട്ടിക്കാട്<br>4. പാറമ്പുഴ |
| തൃശ്ശൂർ | പെരുമ്പാവൂർ | 1. ചാലക്കുടി<br>2. വീട്ടൂർ<br>3. മുടിക്കൽ<br>4. ചെട്ടിക്കുളം<br>5. വാരാപ്പുഴ |
| കണ്ണൂർ | കോഴിക്കോട് | 1. ചാലിയം<br>2. കുപ്പാടി<br>3. പരപ്പ<br>4. കണ്ണോത്ത് |
| പാലക്കാട് | പാലക്കാട് | 1. സെൻട്രൽ ഡിപ്പോ, അരുവാക്കോട്<br>2. നെടുങ്കയം<br>3. വാളയാർ |

(signature)
സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 461 14.7.2009-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിൽ സൗജന്യ പാസ്

ചോദ്യം ഉത്തരം

ശ്രീ. കെ.ശിവദാസൻ നായർ ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ സൗജന്യ പാസ്സ് അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാം; | (എ) | കെ.എസ്.ആർ.ടി.സി. യിൽ ജീവനക്കാർക്കും പെൻഷൻകാർക്കും കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്മേൽ സർക്കാർ അനുമതിയോടെയും മറ്റു വിഭാഗങ്ങൾക്ക് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും സൗജന്യയാത്രാ പാസ്സ് അനുവദിച്ചുവരുന്നു. |
| (ബി) | നിലവിൽ ഇപ്പോൾ സൗജന്യ പാസ്സിന് അർഹരായവർ എത്ര പേരുണ്ട്; ഇവരുടെ ഉദ്യോഗ പേര് എന്ത് ; അതല്ലെങ്കിൽ ഏത് തസ്തികയിൽ നിന്നും വിരമിച്ചവരാണ് ഇവർ എന്ന് വ്യക്തമാക്കുമോ; | (ബി) | 61,920 ജീവനക്കാർക്കും പെൻഷൻകാർക്കും നിയന്ത്രണങ്ങളോടെ സൗജന്യപാസ്സ് അനുവദിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം 49,118 സൗജന്യയാത്രാപാസ്സുകൾ, അന്ധർ, സ്വാതന്ത്ര്യസമരസേനാനികൾ തുടങ്ങിയ വിവിധ വിഭാഗങ്ങൾക്കും അനുവദിച്ചിട്ടുണ്ട്.<br><br>സൗജന്യ പാസ്സിന് അർഹരായ ജീവനക്കാരിൽ ദിവസക്കൂലിക്കാരും എംപാനൽ ജീവനക്കാരും സ്ഥിരജീവനക്കാരും പെൻഷൻകാരുമുൾപ്പെടുന്നു. ജോലിക്കു വരുന്നതിനും പോകുന്നതിനുമായി ജോലിസ്ഥലം മുതൽ താമസസ്ഥലം വരെയുള്ള റൂട്ടിൽ ഫാസ്റ്റ് പാസഞ്ചറിൽ 15 കി.മീറ്റർ ദൂരം വരെ സഞ്ചരിക്കാൻ ദിവസക്കൂലിക്കാർക്കും, ഫാസ്റ്റ് പാസഞ്ചറിൽ 20 കി.മീ ദൂരം വരെ സഞ്ചരിക്കാൻ 15 വർഷത്തിൽ താഴെ |

| | | | |
|---|---|---|---|
| | | | സർവ്വീസുള്ള സ്ഥിരം ജീവനക്കാർക്കും, പാസ്സനുവദിക്കുന്ന മറ്റെല്ലാത്തരം ബസ്സുകളിലും സഞ്ചരിക്കാൻ 15 വർഷത്തിലധികം സർവ്വീസുള്ള സ്ഥിരം ജീവനക്കാർക്കും ആഫീസു മേധാവികൾക്കും അനുവാദം നൽകിയിട്ടുണ്ട്. പാസ്സനുവദിക്കുന്ന യൂണിറ്റിൽ നിന്നും 12 കി.മീറ്റർ ദൂരംവരെ ഫാസ്റ്റ് പാസഞ്ചറിൽ സഞ്ചരിക്കുവാൻ പെൻഷൻകാർക്കും അനുവാദം നൽകിയിട്ടുണ്ട്.<br><br>സ്ഥിരം ജീവനക്കാരായിരുന്ന് വിരമിച്ച എല്ലാ പെൻഷൻകാർക്കും തസ്തികഭേദമന്യേ മേൽപറഞ്ഞ തരത്തിൽ സൗജന്യ യാത്രാപാസ്സനുവദിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തൊട്ടാകെ കെ.എസ്.ആർ.ടി.സി. യിൽ സൗജന്യ പാസ് ഉപയോഗിക്കുന്നവർ എത്രപേരുണ്ട് ; | (സി) | ജീവനക്കാരും പെൻഷൻകാരുമുൾപ്പെടെ 61,920 പേരും, മറ്റു വിഭാഗങ്ങളിലായി 49,118 പേരും സൗജന്യ പാസ്സുപയോഗിക്കുന്നു. |
| (ഡി) | സൗജന്യ പാസ്സ് നൽകാത്ത സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ക്ക് ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വീസുകളിലെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്.<br>എ.സി., വോൾവോ എന്നീ തരം ബസ്സുകളിൽ സൗജന്യ പാസ്സനുവദിക്കുന്നില്ല. എന്നാൽ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡംഗങ്ങൾക്കുമാത്രം അവർക്കനുവദിച്ച പാസ്സിന്റെ അടിസ്ഥാനത്തിൽ എ.സി.ബസ്സുകളിൽ സൗജന്യയാത്ര അ നുവദിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 462 | 14.07.2009 -ൽ മറുപടിയ്ക്ക്

## ഔഷധവനം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ. കെ. അജിത്<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഔഷധവനം പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ; ഇതു വരെ എത്ര ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട് ; | (എ) ആഗസ്റ്റ് 2008 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 102.7 ഹെക്ടർ സ്ഥലത്ത് ഔഷധ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| (ബി) വനപ്രദേശങ്ങളിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അമൂല്യ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) ഉണ്ട്. വന പ്രദേശങ്ങളിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അമൂല്യ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിന് നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ ധനസഹായത്തോടെ രണ്ടു പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>1. അന്തിമ ഇടവെട്ട് (ഫൈനൽ തിന്നിംഗ്) പൂർത്തിയാക്കിയ തേക്കുതോട്ടങ്ങളിൽ വച്ചു പിടിപ്പിക്കുന്ന ഔഷധസസ്യ തോട്ടങ്ങൾ.<br>2. കേരളത്തിലുള്ള പ്രധാനപ്പെട്ട ഔഷധ വൃക്ഷ ചെടികൾ നട്ടുവളർത്തുക.<br><br>സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചും ഔഷധ സസ്യത്തോട്ടങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. വിവിധ പദ്ധതികളിലായി ഔഷധസസ്യതൈകൾ ഉൽപാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുമുണ്ട്. |

(സി) വനപ്രദേശങ്ങളിലെ ഔഷധ സസ്യങ്ങളെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള സർവ്വേ നടത്തിയിട്ടുണ്ടോ ?

(സി) കേരളത്തിലുള്ള വനപ്രദേശങ്ങളിലെ ഔഷധ സസ്യങ്ങളുടെ ലഭ്യത, അവയുടെ അളവ് എന്നിവയെ സംബന്ധിച്ചുള്ള സർവ്വേകളും പഠനങ്ങളും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പീച്ചി, ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പാലോട് എന്നീ സ്ഥാപനങ്ങൾ മുഖേന കേരള വനം വകുപ്പ് നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 463 — 14-7-2009-ൽ മറുപടിക്ക്

## ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ടി. എൻ. പ്രതാപൻ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവത്ക്കരണത്തിനുവേണ്ടി നിയമിച്ച ഗംഗയ്യാ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനെ ആസ്പദമാക്കി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (എ) ഉണ്ട്. റിപ്പോർട്ടിൽ 22 ശുപാർശകളാണ് ഉള്ളത്. ഗവ. പ്രസ്സുകളിൽ സ്ഥാപിച്ചിട്ടുള്ള മെഷീനുകൾ അനുസരിച്ച് ഗവ.പ്രസ്സുകളെ വർഗീകരിക്കുക, കേരള ഗസറ്റ് കൃത്യസമയത്ത് പുറപ്പെടുവിക്കുകയും ജില്ലാ ഗസറ്റുകൾ തുടങ്ങുക, ഹാൻഡ് കമ്പോസിംഗിനു പകരം ഡി.റ്റി.പി. ഘട്ടം ഘട്ടമായി നടപ്പിലാക്കുക, ഓഫ്സെറ്റ് മെഷീനുകൾ ഘട്ടം ഘട്ടമായി സ്ഥാപിക്കുക, "എ" കാറ്റഗറി പ്രസുകളിൽ ടെക്സ്റ്റ് ബുക്കുകളുടെ അച്ചടി ഏറ്റെടുത്ത് നടത്തുക, ഫാറം, രജിസ്റ്റർ എന്നിവയുടെ ഇൻഡന്റുകൾ കർശനമായി പരിശോധിക്കുക, റിക്രൂട്ടുമെന്റ് നിയമങ്ങൾ പരിഷ്ക്കരിച്ച് ഉയർന്ന യോഗ്യതയുള്ളവരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുക, കാലഹരണപ്പെട്ട മെഷീനുകൾ ഘട്ടംഘട്ടമായി വിൽക്കുക, ഡി.റ്റി.പി. നടപ്പിലാക്കുന്നതോടെ പഴയ ടൈപ്പ് മെറ്റൽ ഘട്ടം ഘട്ടമായി വിൽക്കുക, ഓരോ പ്രസ്സിലും ആവശ്യം കണക്കിലെടുത്ത് മെഷീനറി വാങ്ങുക, |

എല്ലാ പ്രസ്സുകളിലും ഓവർടൈം നൽകുന്നത് ക്രമപ്പെടുത്തുകയും ഇൻസെന്റീവ് ഏർപ്പെടുത്തുകയും ചെയ്യുക എന്നീ ശുപാർശകളിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് പ്രസ്സുകളിൽ വിവിധ തസ്തികകളിലായി നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; ഇത് നികത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) 360 ഒഴിവുകൾ. പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അച്ചടി വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധമായ നടപടികൾ ഏതുവരെ ആയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

(സി) അച്ചടി വകുപ്പിന്റെ സ്പെഷ്യൽ റൂൾസിന്റെ കരട് ഭേദഗതി നിർദ്ദേശം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. ആയത് ഉടൻതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 464 — 14.7.2009-ൽ മറുപടിക്ക്

**<u>കൊച്ചി എൽ.എൻ.ജി ടെർമിനലിന് അംഗീകാരം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.എം.എം.മോനായി<br>ശ്രീ.സാജു പോൾ<br>ശ്രീ.എ.എം.യൂസഫ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) |
| (എ) കൊച്ചി എൽ.എൻ.ജി. ടെർമിനലിന് അംഗീകാരം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) കൊച്ചി എൽ.എൻ.ജി ടെർമിനലിന് അംഗീകാരം ലഭിക്കുന്നതിന് വേണ്ട നടപടികൾ സംസ്ഥാന സർക്കാരും പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡും 1998 മുതൽ നടത്തി വരുന്നു. ടെർമിനലിന് ആവശ്യമായ എല്ലാ ക്ലിയറൻസുകളും വിവിധ കേന്ദ്ര ഗവൺമെന്റ് വകുപ്പുകളിൽ നിന്നും സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും ഇതിനോടകം നേടിയിട്ടുണ്ട്. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നു. |
| (ബി) ടെർമിനലിനോടനുബന്ധിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കാൻ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | (ബി) ടെർമിനലിനോടനുബന്ധിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ 3032 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) ഒന്നാംഘട്ട പ്രവർത്തനത്തിൽ ഏതു പ്രദേശത്താണ് പൈപ്പ്ലൈൻ ഇടുന്നത്; | (സി) ഒന്നാം ഘട്ടത്തിൽ കൊച്ചിയിലും പരിസര പ്രദേശങ്ങളിലുമാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. ഇതോടൊപ്പം കായംകുളത്തേയ്ക്ക് സബ്സീ (സമുദ്രാന്തർ ഭാഗത്ത് കൂടിയുള്ള) പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കും വൈദ്യുതി നിലയങ്ങൾക്കും പദ്ധതി മൂലമുള്ള പ്രയോജനം ലഭിക്കും; | (ഡി) ഈ പദ്ധതി മൂലം എഫ്.എ.സി.റ്റി, കൊച്ചി റിഫൈനറി, എച്ച്.ഒ.സി, ബിനാനി സിങ്ക്, സി.എം.ആർ.എൽ തുടങ്ങി കേരള സംസ്ഥാനത്തെ വിവിധ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രയോജനം ലഭിക്കും. കൂടാതെ എൻ.റ്റി.പി.സി കായംകുളം നിലയം, റിലയൻസിന്റെ കളമശ്ശേരി പവ്വർ പ്ലാന്റ്, കെ.എസ്.ഇ.ബി യുടെ ബ്രഹ്മപുരം, നല്ലളം മുതലായ വൈദ്യുത നിലയങ്ങൾക്കും എൽ.എൻ.ജി പദ്ധതി കൊണ്ട് ഇന്ധനം ഗ്യാസ് ആക്കി മാറ്റുന്ന മുറയ്ക്ക് പ്രയോജനം ലഭിക്കും. |
| (ഇ) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്? | (ഇ) കൊച്ചി എൽ.എൻ.ജി ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2011 ഡിസംബറിൽ പൂർത്തീകരിച്ച് ടെർമിനൽ 2012-ഓടെ കമ്മീഷൻ ചെയ്യാനാണ് പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പര്‍ 465 — 14.7.2009 ല്‍ മറുപടിയ്ക്ക്

**<u>സര്‍ക്കാര്‍ മേഖലയില്‍ വാര്‍ത്താവിനിമയ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ;<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചര്‍<br>ശ്രീ. കെ. കുഞ്ഞിരാമന്‍;<br>ശ്രീ. അല്‍ഫോണ്‍സ് കണ്ണന്താനം;<br>ശ്രീ. വി.എന്‍. വാസവന്‍ | ശ്രീ. വി.എസ്. അച്യുതാനന്ദന്‍<br>(മുഖ്യമന്ത്രി) |
| എ) സര്‍ക്കാര്‍ മേഖലയില്‍ വാര്‍ത്താവിനിമയ-വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം, പ്രവര്‍ത്തനം കാര്യക്ഷമത, സേവനനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br><br>ബി) എങ്കില്‍ ഇതിനായി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ വ്യക്തമാക്കുമോ; | (എ) യും (ബി) യും<br><br>ഉണ്ട്. വാര്‍ത്താവിനിമയ വിവര സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ പ്രവര്‍ത്തന കാര്യക്ഷമതയും സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികള്‍ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സര്‍ക്കാരിന്റെ സ്വന്തം ഇ-മെയില്‍ സംവിധാനം ഏര്‍പ്പെടുത്തുകയും സര്‍ക്കാര്‍ മെയില്‍ ഐ.ഡി. ഉള്ള ഉദ്യോഗസ്ഥന്മാരെല്ലാം ഇ-മെയില്‍ ഉപയോഗിക്കുന്നതു സംബന്ധിച്ച നിര്‍ദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സര്‍ക്കാര്‍ വകുപ്പുകളുടെ വെബ്സൈറ്റുകള്‍ വഴി തത്സ്ഥിതി വിവരങ്ങള്‍ കൊടുക്കാനും വെബ്സൈറ്റ് വഴി ജനങ്ങള്‍ക്ക് സേവനങ്ങള്‍ ലഭ്യമാക്കുന്നതിനും കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവര്‍ക്ക് (CMF) ലേക്ക് വെബ്സൈറ്റുകള്‍ **Migrate** ചെയ്യുന്നതിനുള്ള പദ്ധതികള്‍ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ജനങ്ങള്‍ ഉപയോഗിക്കുന്ന ഫോമുകള്‍ ഡിജിറ്റൈസ് ചെയ്ത് നാഷണല്‍ പോര്‍ട്ടല്‍ ഓഫ് ഇന്ത്യ വെബ്സൈറ്റിലും അതാത് വകുപ്പുകളുടെ വെബ്സൈറ്റിലും ലഭ്യമാക്കുന്നുണ്ട്. ഓണ്‍ലൈന്‍ ആപ്ലിക്കേഷന്‍ ഏര്‍പ്പെടുത്തുന്നതിന് ഒരു സര്‍വ്വീസ് ഡെലിവറി ഗേറ്റ്‌വേ സ്ഥാപിക്കാന്‍ നടപടികള്‍ സ്വീകരിച്ചുവരുന്നു. ഗ്രാമ പ്രദേശങ്ങളില്‍ **G2C, B2C G2G** സേവനങ്ങള്‍ എത്തിക്കുന്നതിന് അക്ഷയ പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുകയും കൂടുതല്‍ സേവനങ്ങള്‍ അക്ഷയ വഴി ഏര്‍പ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതില്‍ ഇ-സാക്ഷരത, **e-payment, VAT** ന്റെ **e-filing, intel learn, e-vidya, Malayalam computing, e-krishi, railway ticketing, BSNL Coupon recharge, LIC Micro** |

finance, SBI Micro finance, SPARK training, IGNO, കെൽട്രോൺ, സി-ഡിറ്റ് മുതലായവയുടെ കോഴ്സുകൾ എന്നിവ ഉൾപ്പെടുന്നു. e-District പദ്ധതിയുടെ ഭാഗമായി അക്ഷയ വഴി നിരവധി പുതിയ സേവനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ എടുത്തു വരുന്നു. ഇതിൽ പല സർട്ടിഫിക്കറ്റുകളും ഉൾപ്പെടുന്നു. സർക്കാർ കരാറുകളിൽ സുതാര്യത ഉറപ്പാക്കുന്നതിനും കാലതാമസം ലഘൂകരിക്കുന്നതിനുമായി ഇ-പ്രൊക്യൂർമെന്റ് എന്ന സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Standardization of Spatial Data with Inter Operability and Exchange സംവിധാനത്തോടുകൂടി State Spatial Data Infrastructure സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാതല ഭരണാധികാരികളുമായി യോഗം വിളിച്ച് തീരുമാനങ്ങൾ എടുക്കുന്നതിനായി വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പാക്കി കഴിഞ്ഞു. എല്ലാ ജില്ലകളിലും FRIENDS ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. മൊബൈൽ ഫോൺ വഴി ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കാൻ ഒരു Mobile Infrastructure Management System നടപ്പിലായി വരുന്നു. ഇതിന്റെ ഭാഗമായി SMS വഴി പല വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ എടുത്തുവരുന്നു.

ഉദ്യോഗസ്ഥരുടെ സർവ്വീസ് വിവരങ്ങൾ അടങ്ങുന്ന SPARK എന്ന സോഫ്റ്റ്‌വെയർ സംസ്ഥാനത്ത് എല്ലാ ഓഫീസുകളിലും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഏകദേശം 1012 ഓഫീസുകളിൽ സമയ-ബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. Digital Work Flow സംവിധാനമായ MESSAGE നടപ്പിലാക്കിവരുന്നു. ചില സ്ഥാപനങ്ങൾ ഇതു നടപ്പിലാക്കിക്കഴിഞ്ഞു. സെക്രട്ടേറിയറ്റിൽ ഈ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഫയൽ ട്രാക്കിംഗ് സംവിധാനമായ IDEAS നടപ്പിലാക്കി വരുന്നു. സെക്രട്ടേറിയറ്റിലെ 1991 മുതൽ 2000 വരെയുള്ള പഴയ ഫയലുകൾ ഡിജിറ്റൈസ് ചെയ്ത് സെക്രട്ടറിമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിവിധ സർക്കാർ ഓഫീസുകൾ സ്ഥിതിചെയ്യുന്ന സ്ഥലം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് വെബ് സൈറ്റിലൂടെ ലഭ്യമാക്കുന്നതിന് IGSG എന്ന പേരുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്. ഇതിനുപുറമെ പല ഇ-ഗവേണൻസ് പദ്ധതികൾ വിവിധ വകുപ്പുകളിലായി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| സി) | സർക്കാർ കരാറുകളിൽ സുതാര്യത ഉറപ്പാക്കുന്നതിനും കാലതാമസം ലഘൂകരിക്കുന്നതിനുമായി ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഏതെല്ലാം വകുപ്പുകളിൽ സ്ഥാപിച്ചിട്ടുണ്ട്; | സി) | സർക്കാർ കരാറുകളിൽ സുതാര്യത ഉറപ്പാക്കുന്നതിനും കാലതാമസം ലഘൂകരിക്കുന്നതിനുമായി ഇ-പ്രൊക്യൂർമെന്റ് എന്ന സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി ഒന്നാംഘട്ടമെന്ന നിലയിൽ പൊതുമരാമത്ത്, സ്റ്റേഷനറി, കെ.എസ്.ആർ.ടി.സി, കെൽട്രോൺ എന്നിവിടങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അടുത്ത ഘട്ടമായി ഇറിഗേഷൻ, പോലീസ് എന്നീ വകുപ്പുകളിലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവിടങ്ങളിലും കൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) | സർക്കാർ വകുപ്പുകൾ തമ്മിലുള്ള കത്തിടപാടുകൾക്ക് ഇ-മെയിൽ സംവിധാനം പ്രാവർത്തിക-മാക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) | നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന സർക്കാരിനു വേണ്ടി "ഇ-മെയിൽ ഫോർ ആൾ എംപ്ലോയീസ്" എന്ന ഒരു പദ്ധതി നടപ്പിലാക്കുകയും ഇതിന്റെ ഭാഗമായി 2500 ഓളം ഇ-മെയിൽ ഐ.ഡി. സർക്കാർ ജീവനക്കാർക്ക് ഇതിനകം നൽകുകയും ചെയ്തു. ബാക്കി ജീവനക്കാർക്കും ഇ-മെയിൽ ഐ.ഡി.കൾ നൽകുന്ന നടപടി ഘട്ടംഘട്ടമായി നടന്നു വരുന്നു. |
| ഇ) | സർക്കാർ ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണത്തിനും ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ഇ) | ഇതിനായി വിവിധ സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുന്ന വിവര വിനിമയ ശൃംഖലയായ **KSWAN, SECWAN, DCWAN** പദ്ധതിയും ഡേറ്റാ ശേഖരം സൂക്ഷിക്കാവുന്ന സംസ്ഥാന ഡേറ്റാ സെന്ററും ഉപയോഗപ്പെടുത്തി വരുന്നു. കമ്പ്യൂട്ടർ വത്കരണത്തിന്റെ ഭാഗമായി ഇന്റർനെറ്റ് കണക്ഷൻ എടുക്കുന്നതിനായി **BSNL** ഉം ആയി ചേർന്ന് ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടർവത്കരണം ത്വരിതപ്പെടുന്നതിനായി സാങ്കേതിക നിർദ്ദേശങ്ങൾ നൽകിവരുന്നു. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 466 — 14/7/2009-ൽ മറുപടിക്ക്

## കോഴിത്തീറ്റ ദൗർലഭ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.ജോർജ്.എം.തോമസ്:<br>ശ്രീമതി.ജെ.അരുന്ധതി: | | ശ്രീ.സി.ദിവാകരൻ(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) കോഴിത്തീറ്റ ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ)യും ബി)യും | പൊതുവിപണിയിൽ 50 കിലോഗ്രാം, 70 കിലോഗ്രാം തൂക്കത്തിൽ സ്വകാര്യ കമ്പനികൾ കോഴിത്തീറ്റ ലഭ്യമാക്കുന്നുണ്ടെങ്കിലും ചെറിയ അളവിൽ അവ ലഭ്യമല്ലാത്തതിനാൽ 5-10 മുട്ടക്കോഴികളെ വളർത്തുന്ന കർഷകർക്ക് കോഴിത്തീറ്റയുടെ ദൗർലഭ്യം അനുഭവപ്പെട്ടിരുന്നു. ഇതു പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കൊല്ലം ജില്ലയിലെ കൊട്ടിയത്ത് മണിക്കൂറിൽ രണ്ടു ടൺ ഉല്പാദനശേഷിയുള്ള ഒരു കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ നിന്നും ഇതുവരെ 1700.49 ടൺ കോഴിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾ വഴി കർഷകർക്കു നൽകുന്ന കോഴികളോടൊപ്പം 20 കിലോഗ്രാം, 30 കിലോഗ്രാം, 40 കിലോഗ്രാം തീറ്റ കൂടി നൽകുന്നതിനാൽ തീറ്റയുടെ ദൗർലഭ്യം ഒരു പരിധിവരെ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൊട്ടിയത്തിനുപുറമെ, കോർപ്പറേഷന് തിരുവനന്തപുരത്തെ കുടപ്പനക്കുന്നിലും തൃശ്ശൂരിലെ മാളയിലുമുള്ള സ്ഥലങ്ങളിൽ കൂടി ഓരോ കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ട്. |
| ബി) ഈ വർഷം പുതുതായി കോഴിത്തീറ്റ പ്ളാന്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| സി) | കോഴിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | സി) | ഇപ്പോൾ പരിഗണനയിലില്ല |
| ഡി) | കോഴിയിറച്ചി ശാസ്ത്രീയമായി സംസ്കരിച്ച് വില്പന നടത്തുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്; | ഡി) | കോഴികളെ കശാപ്പിനു വിധേയമാക്കുന്നതിന് മുൻപും പിൻപും ഡോക്ടർമാർ പരിശോധിച്ച് രക്തം പൂർണ്ണമായും വാർന്നു പോകുന്ന രീതിയിൽ സയന്റിഫിക് ഹലാൽ നടത്തി സംസ്കരിക്കുന്നതിനുള്ള സംവിധാനമാണ് പൗൾട്രി വികസന കോർപ്പറേഷന്റെ കോഴിയിറച്ചി സംസ്കരണ യൂണിറ്റിലുള്ളത്. കോഴികളെ ആന്റിമോർട്ടം പരിശോധന നടത്തി കശാപ്പു ചെയ്ത് രക്തം വാർന്നതിനു ശേഷം ഡ്രെസ് ചെയ്ത് മറ്റു പരിശോധനകൾക്കു വിധേയമാക്കി ഗാഢശീതികരിച്ച് കോൾഡ് ചെയിൻ നഷ്ടപ്പെടാതെയാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കോഴിയിറച്ചി വിതരണം നടത്തുന്നത്. |
| ഇ) | പുതുതായി ഓട്ടോമാറ്റിക് കോഴിയിറച്ചി സംസ്കരണ പ്ലാന്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഇ) | പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിലും കോഴിക്കോട് ജില്ലയിലും പുതിയ കോഴിയിറച്ചി സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. |
| എഫ്) | കൂടുതൽ കെപ്കോ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | എഫ്) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 467 14.07.2009ന് മറുപടിക്ക്

## വനം വകുപ്പിന്റെ പദ്ധതി പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. എം.കെ. പ്രേമനാഥ്<br>ശ്രീ. കെ.പി. മോഹനൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) വിവിധ കേന്ദ്രസഹായ പദ്ധതികളിലൂടെ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ വനം വകുപ്പിന് ലഭ്യമായ ഫണ്ട് എത്രയെന്ന് അറിയിക്കുമോ ; | എ) 3422.82 ലക്ഷം രൂപ |
| ബി) ലഭ്യമായ ഫണ്ടിൽ എത്ര തുകയാണ് ചെലവഴിച്ചത് എന്ന് വ്യക്തമാക്കുമോ; | ബി) 3112.993 ലക്ഷം രൂപ |
| സി) വനം വകുപ്പിന്റെ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ ? | സി) വകുപ്പുതലത്തിലും സർക്കാർ തലത്തിലും എല്ലാ മാസവും പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭരണാനുമതി മുതലായവ താമസംവിനാ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 468 14.07.2009-ൽ മറുപടിയ്ക്ക്

## ആനവേട്ട തടയുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ജി. കാർത്തികേയൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആനകളെ വേട്ടയാടി ക്കൊന്ന എത്ര സംഭവങ്ങൾ ഉണ്ടായെന്ന് വ്യക്തമാക്കുമോ; | (എ) ഒൻപത്. |
| (ബി) ഈ സംഭവങ്ങൾ സംബന്ധിച്ച് കേസ്സെടുത്തിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) എങ്കിൽ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്യുമോ; | (സി) 7 കേസ്സുകളിൽപ്പെട്ട 23 പ്രതികളെ അറസ്റ്റ് ചെയ്യുകയും 7 പ്രതികൾ കീഴടങ്ങുകയും ചെയ്തിട്ടുണ്ട്. 2 കേസ്സുകളുടെ അന്വേഷണം പുരോഗമിച്ചു വരുന്നു. |
| (ഡി) ആനവേട്ട തടയുവാൻ എന്തെല്ലാം മുൻകരുതൽ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) 1) ആനകളുടെ സംരക്ഷണത്തിനു വേണ്ടി സംസ്ഥാനത്ത് ആനകൾ കാണപ്പെടുന്ന മുഴുവൻ വനമേഖലയും ഉൾപ്പെടുത്തി നിലമ്പൂർ, വയനാട്, ആനമുടി, പെരിയാർ എന്നീ 4 എലിഫന്റ് റിസർവ്വുകൾ രൂപീകരിച്ച് സംരക്ഷണം നടത്തി വരുന്നു.<br><br>2) ആനകളുടെ സൈ്വരമായ വിഹാരത്തിനുവേണ്ടി കൊട്ടിയൂർ, ഇടുക്കി എന്നീ സ്ഥലങ്ങളിൽ ആനപ്പാതകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുത്ത് വനത്തോട് ചേർത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

3) വനം-വന്യജീവി സംരക്ഷണകേന്ദ്രങ്ങളിലും അതിർത്തിയോട് ചേർന്നു താമസിക്കുന്നതുമായ ജനങ്ങളുടെ പങ്കാളിത്തത്തോടെ വനസംരക്ഷണം ലക്ഷ്യമാക്കി ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നു.

4) വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിന് തടയണകൾ നിർമ്മിച്ചും ജലസ്രോതസ്സുകൾ സംരക്ഷിച്ചും, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നു. കൂടാതെ ഒലട്ടി, മുള, ഫലവൃക്ഷങ്ങൾ മുതലായവ വച്ചുപിടിപ്പിച്ച് ആഹാര ലഭ്യത വർദ്ധിപ്പിക്കുന്നു.

5) കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ചു അതിൻമേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

6) മൃഗവേട്ടക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും, ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

7) മൃഗവേട്ട തടയുന്നതിന് കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള പ്രശ്ന പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജീവനക്കാരെ ഫീൽഡ് പട്രോളിങ്ങിനായി സജ്ജമാക്കുകയും അവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം, എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

8) വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും, ക്യാഷ് അവാർഡും നൽകുന്നുണ്ട്.

9) അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റാഫീസർ മാരും, വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്ന___തിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

10) വന സംരക്ഷണം, വന്യജീവി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയുടെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കു ന്നുണ്ട്.

11) എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും, ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പു വരുത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 469 | 14.07.2009 ൽ മറുപടിക്ക് |
|---|---|

## മായം ചേർത്ത വെളിച്ചെണ്ണ വിപണികളിൽ വ്യാപകമാകുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീമതി.ജെ. അരുന്ധതി<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | മായംചേർത്ത വെളിച്ചെണ്ണ സംസ്ഥാനത്തെ വിപണികളിൽ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | മലേഷ്യ,ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന എണ്ണപ്പന ഓയിൽ കലർത്തിയ വെളിച്ചെണ്ണ വൻതോതിൽ വിപണിയിൽ എത്തിയിട്ടുള്ളത് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; | ബി) | ഇല്ല |
| സി) | മായംചേർത്ത വെളിച്ചെണ്ണ വിലകുറച്ച് വിൽക്കുന്നതുമൂലം സംസ്ഥാനത്തെ കേര കർഷകരും നല്ല വെളിച്ചെണ്ണ ഉല്പാദിപ്പിച്ച് വിൽക്കുന്ന മില്ലുടമകളും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | വെളിച്ചെണ്ണയുടെ പരിശുദ്ധി പരിശോധിക്കാനുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ ? | ഡി) | സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഭക്ഷണ സാധനങ്ങൾ പരിശോധിക്കുന്നതിനായി അനലറ്റിക്കൽ ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്.കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ പ്രവർത്തിക്കുന്ന ഫുഡ് ഇൻസ്പെക്ടർമാർ വെളിച്ചെണ്ണയുടെയും മറ്റ് ഭക്ഷ്യ വസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് മേൽ പറഞ്ഞ ലബോറട്ടറികളിലേക്ക് പരിശോധനയ്ക്കായി അയക്കുന്നു. പരിശോധനയിൽ മായം ചേർത്തതോ നിശ്ചിത ഗുണ നിലവാരം ഇല്ലാത്തതോ ആയി കണ്ടാൽ ഫുഡ് ഇൻസ്പെക്ടർമാർ ഇവയുടെ ഉൽപാദകർ വിതരണക്കാർ എന്നിവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നു |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 470 — 14.07.2009-ൽ മറുപടിക്ക്

## പ്രവാസികളുടെ സമ്പാദ്യത്തിന്റെ വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: | ശ്രീ. വി.എസ്. അച്യുതാനന്ദൻ ( മുഖ്യമന്ത്രി) |
| (എ) പ്രവാസികളുടെ സമ്പാദ്യം സുരക്ഷിതമായി സംസ്ഥാനത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ വ്യാവസായിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിനായി പ്രവാസി കേരളീയരുടെ സമ്പാദ്യവും പരിജ്ഞാനവും പ്രയോജനപ്പെടുത്തി അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ നോർക്ക -റൂട്ട്സ് വഴി നൽകിവരുന്നു. മാറുന്ന ലോക സാഹചര്യങ്ങൾ നേരിടുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ പരമ്പരാഗത മുന്നോക്കാവസ്ഥ പ്രയോജനപ്പെടുത്തി അറിവിനും പരിശീലനത്തിനുമുള്ള ഉന്നത പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും മാനവശേഷി സുതാര്യവും നിയമപരവുമായ രീതിയിൽ കൈമാറുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും വിഭാവനം ചെയ്യുന്നു. പ്രവാസി മലയാളികളുടെ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പിന്റെ കീഴിൽ ഇൻകെൽ എന്ന കമ്പനി 2007-ൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനും കിൻഫ്രയും പ്രവാസി മലയാളികളുടെ സഹായത്തോടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.. |

| | |
|---|---|
| (ബി) ആഗോള നിക്ഷേപ സംഗമം പ്രവാസികൾക്ക് മുൻതൂക്കം നൽകികൊണ്ട് സംഘടിപ്പിക്കാൻ മുൻകൈ യെടുക്കുമോ? | (ബി) ആഗോള നിക്ഷേപ സംഗമം വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന അവസരത്തിൽ പ്രവാസികൾക്ക് മുൻതൂക്കം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

MK

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 471 — 14.07.2009-ൽ മറുപടിയ്ക്ക്

## പക്ഷി സർവ്വേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. എൻ. രാജൻ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പ് വിവിധ നേച്ചർ ക്ലബ്ബുകളുമായി ചേർന്ന് ഒരു പക്ഷി സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർവ്വേയിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാന വനം-വന്യജീവി വകുപ്പും ചില സന്നദ്ധ സംഘടനകളും ഗവേഷണ സ്ഥാപനങ്ങളും ചേർന്ന് പ്രാദേശികതലത്തിൽ പക്ഷിസർവ്വേകൾ നടത്തിവരുന്നുണ്ട്. ഇത്തരം സർവ്വേകൾ വനപ്രദേശങ്ങളിലും, കോൾ നിലങ്ങൾ, കായൽ പ്രദേശങ്ങൾ, നദീമുഖങ്ങൾ തുടങ്ങിയ വനേതര പ്രദേശങ്ങളിലും നടത്തിവരുന്നു.<br>കൂടാതെ 1933-ൽ ഡോ. സാലിം അലി പക്ഷി സർവ്വേ നടത്തിയ പ്രദേശങ്ങളിൽ 2009 ജനുവരി 3 ന് ആരംഭിച്ച് 2009 ഡിസംബർ 31 ന് പൂർത്തീകരിക്കുന്ന പക്ഷി സർവ്വേ പുരോഗമിച്ചു വരുന്നു. |
| (ബി) വംശനാശഭീഷണി നേരിടുന്ന എത്രയിനം പക്ഷികളാണുള്ളത്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) വംശനാശ ഭീഷണി നേരിടുന്ന 31 ഇനം പക്ഷികളാണ് സംസ്ഥാനത്തുള്ളത്. അവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) ഈ സർവ്വേയിൽ പുതുതായി എത്രയിനം പക്ഷികളെ കണ്ടെത്തി; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) പീച്ചിയിൽ 4 ജാതി പക്ഷികളെയും, പെരിയാറിൽ 2 ജാതി പക്ഷികളെയും, സൈലന്റ് വാലി, പേപ്പാറ, ആറളം എന്നിവിടങ്ങളിൽ ഓരോ ജാതി പക്ഷിയെയും ചെന്തുരുണിയിൽ 7 ജാതി പക്ഷികളെയും പുതുതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

**പീച്ചി (4 എണ്ണം)**

1. ലെസ്സർ ഫിഷ് ഈഗിൾ
2. ലാർജ് ഹോക്ക് കുക്കു
3. ബ്രോഡ് ബിൽഡ് റോവർ
4. ഹൗസ് മാർട്ടിൻ

**പെരിയാർ (2 എണ്ണം)**

1. ലെസ്സർ കെസ്ട്രൽസ്
2. ലെസ്സർ ഫിഷിംഗ് ഈഗിൾ

**സൈലന്റ് വാലി (1 എണ്ണം)**

മലബാർ ഡ്രാഗൺ

**പേപ്പാറ (1 എണ്ണം)**

ടൈഗർ ബിറ്റേർൺ

**ആറളം (1 എണ്ണം)**

ബ്ലൂ റോക്ക് ത്രഷ്

**ചെന്തുരുണി (7 എണ്ണം)**

1. ബ്ലാക്ക് ആന്റ് ഓറഞ്ച് ഫ്ലൈ കാച്ചർ
2. ബ്ലൂ ഇയേർഡ് കിംഗ് ഫിഷർ
3. ഗ്രേ ബ്രസ്റ്റഡ് ലോഫിംഗ് ത്രഷ്
4. വൈറ്റ് ബെല്ലീഡ് ഷോർട്ട് വിംഗ്
5. സിലോൺ ഫ്രോഗ് മൗത്ത്
6. ഗ്രേറ്റ് ബ്ലാക്ക് വുഡ് പെക്കർ
7. ഫോറസ്റ്റ് ഈഗിൾ ഔൾ

കൂടാതെ ഡോ. സലിംഅലി പക്ഷി സർവ്വേ നടത്തിയ പ്രദേശങ്ങളിൽ ഇപ്പോൾ നടത്തി വരുന്ന സർവ്വേയിൽ തെൻമല പ്രദേശത്ത് നിന്നും ലെസ്സർ ഫിഷ് ഈഗിൾ (ചെറിയ മീൻ പരുന്ത്) എന്നയിനം പക്ഷിയുടെ പ്രജനനം രേഖപ്പെടുത്തുകയുണ്ടായി.

(ഡി) വംശനാശഭീഷണി നേരിടുന്നവയെ നിലനിറുത്തുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ള തെന്ന് വ്യക്തമാക്കാമോ?

(ഡി) വംശനാശ ഭീഷണി നേരിടുന്ന പക്ഷികളെ സംരക്ഷിച്ച് വംശം നിലനിർത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1) 1973 മുതൽ സംസ്ഥാനത്ത് വന്യജീവി സംരക്ഷണ നിയമം നിലവിലുണ്ട്. പ്രസ്തുത നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പക്ഷികളെ അനധികൃതമായി കൈവശം വയ്ക്കുന്നതും വിപണനം നടത്തുന്നതും പക്ഷിവേട്ട നടത്തുന്നതും എല്ലാം ശിക്ഷാർഹമായ കുറ്റമാണ്. സംസ്ഥാനത്ത് വന്യജീവി സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കിക്കൊണ്ട് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ജാതി പക്ഷികൾക്കും സംരക്ഷണം ഉറപ്പാക്കുന്നുണ്ട്.

2) പക്ഷികളുടെ സംരക്ഷണം മുൻനിർത്തി തട്ടേക്കാട്, ചൂലന്നൂർ, മംഗളവനം എന്നിവിടങ്ങളിലായി മൂന്ന് പക്ഷിസങ്കേതങ്ങൾ രൂപീകരിച്ച് പരിപാലന നടപടികൾ സ്വീകരിച്ചു വരുന്നു.

3) ദേശാടന പക്ഷികളുൾപ്പെടെയുള്ള നീർപക്ഷികളുടെ സംരക്ഷണം ലക്ഷ്യമാക്കിയാണ് കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് രൂപീകരിച്ചിട്ടുള്ളത്.

4) സംസ്ഥാനത്തുള്ള എല്ലാ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മറ്റു വനപ്രദേശങ്ങളിലും നടപ്പാക്കിവരുന്ന വന്യജീവി സംരക്ഷണ പരിപാലന നടപടികൾ പക്ഷികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നുണ്ട്.

5. പക്ഷികൾക്ക് ചേക്കേറുന്നതിനും ഭക്ഷണ ലഭ്യത വർദ്ധിപ്പിക്കുന്നതിനും മറ്റുമായി ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിച്ച് വരുന്നു.

6) വെള്ളിമൂങ്ങയെ അനധികൃതമായി പിടിച്ച് വിപണനം ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിച്ച് നടപടി എടുക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl.No. | Name of Bird | IUCN Category |
|---|---|---|
| 1. | White-rumped Vulture *Gyps bengalensis* | CR |
| 2. | Indian Vulture *Gyps indicus indicus* | CR |
| 3. | Egyptian Vulture *Neophron percnopterus* | EN |
| 4. | Rufous-breasted Laughingthrush *Garrulax cachinnans* | EN |
| 5. | Lesser Adjutant *Leptoptilos javanicus* | VU |
| 6. | Lesser Kestrel *Falco naumanni* | VU |
| 7. | Indian Spotted Eagle *Aquila hastata* | VU |
| 8. | Greater Spotted Eagle *Aquila clanga* | VU |
| 9. | Houbara Bustard *Chlamydotis undulata* | VU |
| 10. | Wood Snipe *Gallinago nemoricola* | VU |
| 11. | Nilgiri Wood-pigeon *Columba elphinstonii* | VU |
| 12. | Yellow-throated Bulbul *Pycnonotus xantholaemus* | VU |
| 13. | Broad-tailed Grassbird *Schoenicola platyurus* | VU |
| 14. | White-bellied Shortwing *Brachypteryx major* | VU |
| 15. | Painted Stork *Mycteria leucocephala* | NT |
| 16. | Black-headed Ibis *Threskiornis melanocephalus* | NT |
| 17. | Spot-billed Pelican *Pelecanus philippensis* | NT |
| 18. | Oriental Darter *Anhinga melanogaster* | NT |
| 19. | Lesser Fish-eagle *Ichthyophaga humilis* | NT |
| 20. | Grey-headed Fish-eagle *Ichthyophaga ichthyaetus* | NT |
| 21. | Cinereous Vulture *Aegypius monachus* | NT |
| 22. | Pallid Harrier *Circus macrourus* | NT |
| 23. | Black-tailed Godwit *Limosa limosa* | NT |
| 24. | Black-bellied Tern *Sterna acuticauda* | NT |
| 25. | Malabar Pied Hornbill *Anthracoceros coronatus* | NT |
| 26. | Great Hornbill *Buceros bicornis* | NT |
| 27. | Tytler's Leaf-warbler *Phylloscopus tytleri* | NT |
| 28. | Grey-breasted Laughingthrush *Garrulax jerdoni* | NT |
| 29. | Black-and-rufous Flycatcher *Ficedula nigrorufa* | NT |
| 30. | Nilgiri Flycatcher *Eumyias albicaudatus* | NT |
| 31. | Nilgiri Pipit *Anthus nilghiriensis* | NT |

CR: Critically Endangered, EN: Endangered; VU: Vulnerable; NT: Near threatened.

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 472 14.7.2009-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാടകയ്ക്ക് നൽകുന്ന പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ. വി.ജെ. തങ്കപ്പൻ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീമതി. പി.അയിഷാ പോറ്റി
ശ്രീ. എം.ജെ. ജേക്കബ്
ശ്രീ. സി.എച്ച്. കുഞ്ഞമ്പു

ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാടകയ്ക്ക് നൽകുന്ന പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ആദ്യത്തെ 5 മണിക്കൂർ വരെയുളള യാത്രയ്ക്ക് വാടകയിനത്തിൽ കിലോമീറ്ററിന് 40 രൂപയും, വെയിറ്റിങ് ചാർജ്ജായി മണിക്കൂറിന് 500 രൂപയും ഉൾപ്പെടെ കുറഞ്ഞത് 4,000/- രൂപയും, അതിൽ കൂടുതൽ വരികയാണെങ്കിൽ അധികരിച്ച തുകയും ഈടാക്കുന്നതാണ്. 5 മണിക്കൂറിൽ അധികമാണെങ്കിൽ കി.മീറ്ററിന് 40 രൂപയും വെയിറ്റിങ് ചാർജജ് മണിക്കൂറിന് 500 രൂപയും മിനിമം തുകയായി 8,000/- രൂപയും ടി തുകയിൽ കൂടുതൽ വരികയാണെങ്കിൽ അധികരിച്ച തുകയും ഈടാക്കുന്നതാണ്. |
| (ബി) | ഇതിനായി ഓരോ ഡിപ്പോയിലും ബസ്സുകൾ പ്രത്യേകമായി റിസർവ് | (ബി) | പ്രത്യേകമായി ബസ്സുകൾ റിസർവ് ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ പരമാവധി പുതിയ |

| | | | |
|---|---|---|---|
| | ചെയ്യുമോ; | | ബസ്സുകൾ മാത്രമേ ഇതിനായി ഉപയോഗിക്കുന്നുള്ളൂ. |
| (സി) | ബസ്സ് വാടകയ്ക്ക് നൽകുന്നതിന്റെ ഫലമായി ഷെഡ്യൂളുകൾ മുടങ്ങാതിരിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ; | (സി) | ഷെഡ്യൂളുകൾ മുടക്കാതെ ബസ് വാടകയ്ക്ക് നൽകുന്നതിനാണ് കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നത്. അവധി ദിവസങ്ങളിലാണ് ഇത്തരം സർവ്വീസുകൾ കൂടുതൽ നടത്താൻ കഴിയുന്നത്. |
| (ഡി) | വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കായി കുറഞ്ഞ വാടക നിരക്കിൽ ബസ്സുകൾ നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 473 | 14.07.09 ൽ മറുപടിയ്ക്ക്

റൂട്ടുകൾ ദേശസാൽക്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. പി.ജയരാജൻ<br>ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീമതി. കെ.കെ.ലതിക | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>മുഖ്യ മന്ത്രി |
| (എ) കെ.എസ്.ആർ.ടി.സി. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്നതോടൊപ്പം കൂടുതൽ റൂട്ടുകൾ ദേശസാൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ദേശസാൽകൃത റൂട്ടുകളിലും സപ്ലിമെന്റേഷൻ സ്കീമിൽ ഉൾപ്പെട്ട 31 റൂട്ടുകളിലും മുൻഗണന നൽകിയാണ് കെ.എസ്.ആർ.ടി.സി. പുതിയ ബസുകൾ ഉപയോഗിച്ച് പുതിയ സർവ്വീസുകൾ ആരംഭിച്ചുകൊണ്ടിരിക്കുന്നത്. |
| (ബി) ദേശസാൽക്കരണം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (ബി) ജനങ്ങൾക്ക് മതിയായ യാത്രാ സൗകര്യങ്ങൾലഭ്യമാക്കുക എന്നതാണ് പരമ പ്രധാനം. പൊതുമേഖലയിലുള്ള കെ.എസ്.ആർ.ടി.സിയുടെ 'Fleet strength' ക്രമാനുഗതമായി വർദ്ധിപ്പിച്ച് പ്രത്യേക റൂട്ടുകളിൽ ആവശ്യമുള്ളത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുകൊണ്ടു മാത്രമേ പ്രസ്തുത റൂട്ടുകൾ ദേശസാൽക്കരിക്കുവാൻ കഴിയൂ റൂട്ടുകൾ പുതുതായി ദേശസാൽക്കരിക്കുമ്പോൾ സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ താൽപര്യങ്ങൾ എങ്ങനെ സംരക്ഷിക്കാനാവും എന്നതും പരിശോധിക്കേണ്ടതുണ്ട്. |

(സി) പുതുതായി വാങ്ങിയ ബസ്സുകളിൽ എത്ര എണ്ണം മലബാർ മേഖലയ്ക്കായി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) 3.7.2009 വരെ 623 ബസ്സുകൾ മലബാർ മേഖലയ്ക്കു നൽകി.

| | |
|---|---|
| എ.സി. | 7 |
| സൂപ്പർ ഡീലക്സ് | 17 |
| സൂപ്പർ എക്സ്പ്രസ് | 23 |
| സൂപ്പർ ഫാസ്റ്റ് | 126 |
| ഫാസ്റ്റ് പാസഞ്ചർ | 118 |
| ഓർഡിനറി | 332 |

(ഡി) സ്വകാര്യ ബസ്സുകളുടെ മേധാവിത്വമുള്ള സ്ഥലങ്ങളിൽ പുതുതായി കെ.എസ്.ആർ. ടി.സി. ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) സ്വകാര്യ ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന സപ്ലിമെന്റേഷൻ സ്കീമിൽപെട്ട റൂട്ടുകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസുകൾ ആരംഭിക്കുന്നത്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 474. 14-07-2009-ൽ മറുപടിയ്ക്ക്

" കമ്പ്യൂട്ടർ സ്ഥാപനങ്ങളെക്കുറിച്ച് നടത്തിയ സർവ്വേ "

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.ബാബു.എം. പാലിശ്ശേരി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എം.ഹംസ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സാമ്പത്തിക സ്ഥിതിവിവര വകുപ്പ്, സംസ്ഥാനത്തു പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ സ്ഥാപനങ്ങളെ ക്കുറിച്ച് സർവ്വേ നടത്തി റിപ്പോർട്ടു പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, സംസ്ഥാനത്തു പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ സ്ഥാപനങ്ങളെ കുറിച്ച് 2003-04 വർഷത്തിൽ സർവ്വേ നടത്തി റിപ്പോർട്ട് 2006-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>കേരളത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കമ്പ്യൂട്ടർ സ്ഥാപനങ്ങളുടെയും വിശദവിവരങ്ങൾ ശേഖരിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് 08-10-2003-ൽ ജി.ഒ.(ആർ.റ്റി)നം.371/03/പിഎൽജി പ്രകാരം അനുമതി നൽകിയതനുസരിച്ച് 2003-04 സാമ്പത്തിക വർഷത്തിലാണ് കമ്പ്യൂട്ടർ സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനം ഈ വകുപ്പ് നടത്തിയത്. കമ്പ്യൂട്ടർ സ്ഥാപനങ്ങളുടെ എണ്ണം, ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത, സാമൂഹികാവസ്ഥ, സ്ഥാപനങ്ങളുടെ വരുമാനവും ചെലവും തുടങ്ങിയ വിവരങ്ങളാണ് സർവ്വേയിലൂടെ ശേഖരിച്ചിട്ടുള്ളത്. ഇതനുസരിച്ച് സംസ്ഥാനത്ത് 5971 കമ്പ്യൂട്ടർ സ്ഥാപനങ്ങളിലായി 18960 പേർ ജോലി ചെയ്യുന്നുണ്ടെന്നും ഇതു കൂടാതെ ടെക്നോ പാർക്കിൽ (2004-05-ലെ കണക്ക് പ്രകാരം) 72 സ്ഥാപനങ്ങളിലായി 11,411 പേർ ജോലി ചെയ്യുന്നുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ടെക്നോ പാർക്കിലെ കമ്പ്യൂട്ടർ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അവരുടെ വാർഷിക റിപ്പോർട്ടിൽ നിന്നെടുത്ത് സർവ്വേ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സർവ്വേയിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്തിയത് ; പുതുതായി സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) കമ്പ്യൂട്ടർ സ്ഥാപനങ്ങളുടെ ഉടമസ്ഥത, രജിസ്ട്രേഷൻ, ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ, ലഭ്യമായ സൗകര്യങ്ങൾ, നടത്തുന്ന കോഴ്സുകൾ, വിദ്യാർത്ഥികളുടെ എണ്ണം, സ്ഥാപനത്തിലെ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വിവരങ്ങൾ, സോഫ്റ്റ്‌വെയർ വിവരങ്ങൾ. |

| | | |
|---|---|---|
| | | സ്ഥാപനത്തിന്റെ ചെലവ്, വരുമാനം തുടങ്ങിയ വിവരങ്ങളാണ് സർവ്വേയിലൂടെ ശേഖരിച്ചിട്ടുള്ളത്. പുതുതായി സർവ്വേ നടത്തുന്നതിന് നിർദ്ദേശമില്ല. |
| (സി) | സംസ്ഥാനത്ത് എത്ര കമ്പ്യൂട്ടർ പഠനകേന്ദ്രങ്ങൾ, ബ്രൗസിംഗ് സെന്ററുകൾ, ഡി.റ്റി.പി.സെന്ററുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നു എന്ന വിവരം ലഭ്യമാക്കാമോ ; | (സി) 2003-04-ലെ സർവ്വേ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>(i) കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങൾ - 3375<br>(ii) ബ്രൗസിംഗ് സെന്ററുകൾ - 977<br>(iii) ഡി.റ്റി.പി. സെന്ററുകൾ - 3167 |
| (ഡി) | ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് രജിസ്ട്രേഷൻ ആവശ്യമുണ്ടോ ; | (ഡി) കമ്പ്യൂട്ടർ പഠന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വകുപ്പായ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ ഒന്നും ചെയ്യുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പ്, അംഗീകാരം, പരീക്ഷ എന്നിവയ്ക്കൊന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകുന്നില്ല. എന്നാൽ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം ഇവ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണ്. |
| (ഇ) | എങ്കിൽ രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശം നൽകുമോ ? | (ഇ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ടുകൾ എന്നിവ അനുസരിച്ചുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകി ലൈസൻസ് വാങ്ങേണ്ടതാണ്. വർഷം തോറും ഈ ലൈസൻസ് പുതുക്കുന്നതിനും 30 ദിവസം മുമ്പ് തന്നെ അപേക്ഷ നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 475 — 14.07.2009-ൽ മറുപടിക്ക്

### വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ തട്ടിപ്പിനിരയായവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ തട്ടിപ്പിനിരയായ നിരവധി പേർ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നതായി പ്രവാസി വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. |
| (ബി) വിസതട്ടിപ്പിൽ നിന്ന് രക്ഷപ്പെടുന്നതിന് ബോധവൽക്കരണം നടത്താൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ വഴി വിദേശത്ത് തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾ ആവശ്യം അറിഞ്ഞിരിക്കേണ്ടതായ വിസ, തൊഴിൽ കരാർ, എമിഗ്രേഷൻ, കസ്റ്റംസ്, വിദേശരാജ്യത്തെ തൊഴിൽ നിയമങ്ങൾ, അവിടുത്തെ സാമൂഹ്യ-സാംസ്ക്കാരിക ചുറ്റുപാടുകൾ എന്നീ വിഷയങ്ങളിൽ ഉദ്യോഗാർത്ഥികൾക്ക് അവബോധം നൽകുന്നുണ്ട്. കൂടാതെ നോർക്ക-റൂട്ട്സ് നിർമ്മിച്ച പരസ്യചിത്രങ്ങൾ വഴി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വിസ തട്ടിപ്പിനെതിരായി ബോധവൽക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി 2008-09 |

| | |
|---|---|
| | വർഷത്തിൽ 5 ലക്ഷം രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുകയും നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. |
| (സി) കേരളത്തിൽ പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസികൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം ആവശ്യമുണ്ടോ; എത്ര ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) കേരളത്തിൽ പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസികൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 476 — 14.07.2009-ൽ മറുപടിയ്ക്ക്

## വൈൽഡ് ലൈഫ് ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | വനം വകുപ്പിന്റെ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനായി സംസ്ഥാനത്ത് എവിടെയെല്ലാം വൈൽഡ് ലൈഫ് ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു എന്ന് വിശദമാക്കുമോ; | (എ) | വനം വകുപ്പിലെ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും ലഭ്യമായ ഇക്കോ ടൂറിസം സൗകര്യങ്ങളെ കുറിച്ച് വിവരം നൽകുന്നതിനായി നെയ്യാർ, തേക്കടി, മൂന്നാർ എന്നിവിടങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും പ്രവർത്തിച്ചു വരുന്ന ഇന്റർപ്രെട്ടേഷൻ സെന്ററുകൾ വഴിയായും ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) | കർണ്ണാടക, തമിഴ്നാട് അതിർത്തികളിലും പ്രമുഖ ടൂറിസം കേന്ദ്രങ്ങളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുമോ; | (ബി) | വനം വകുപ്പിന്റെ തടി ഡിപ്പോകൾ ആയിരുന്ന കർണ്ണാടകത്തിലെ നഞ്ചൻകോടും തമിഴ്നാട്ടിലെ പൊള്ളാച്ചിയിലും ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടുന്നുണ്ട്. |
| (സി) | ചൂലന്നൂരിലെ മയിൽസങ്കേതം, ദേശാടനപക്ഷികൾ വിരുന്നിനെത്തുന്ന കടലുണ്ടി എന്നിവ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

(ഡി) പറമ്പിക്കുളം കടുവാ സങ്കേതം ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(ഡി) പറമ്പിക്കുളം കടുവാ സങ്കേതത്തിൽ ഇക്കോ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിനായി താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

1. പ്രകൃതി പഠന ക്യാമ്പിനെത്തുന്നവരുടെ താമസ സൗകര്യം കണക്കിലെടുത്ത് ഡോർമിറ്ററി സംവിധാനം ഒരുക്കിയിട്ടുണ്ട്.

2. ഫോറസ്റ്റ് ഡെവലെപ്മെന്റ് അതോറിറ്റിയുടെ നേതൃത്വത്തിൽ ടൂറിസ്റ്റുകൾക്കായി വാഹന സൗകര്യം ഒരുക്കിയിട്ടുണ്ട്.

3. ഒരു കഫേറ്റീരിയ പ്രവർത്തിച്ചു വരുന്നു.

4. തുണക്കടവിലും പറമ്പിക്കുളത്തും ടൂറിസ്റ്റുകൾക്കായി കുടുംബ സമേതം താമസിക്കാനുള്ള സൗകര്യമുള്ള രണ്ട് ഏറുമാടങ്ങളുണ്ട്.

5. തുണക്കടവിൽ വനം വകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവ് പ്രവർത്തിച്ചു വരുന്നു.

6. പറമ്പിക്കുളത്ത് ബൈസൺ വാലി എന്ന ലോഡ്ജ് പ്രവർത്തിച്ചു വരുന്നു. കൂടാതെ സുങ്കം, ആനപ്പാടി, വെങ്ങോലി, കുറിയാർകുട്ടി, ആനക്കൽവയൽ എന്നിവിടങ്ങളിലും രാത്രി താമസത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

7. പറമ്പിക്കുളം തടാകത്തിൽ ടൂറിസ്റ്റുകൾക്ക് ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

8. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഇക്കോ ഡെവലെപ്മെന്റ് കമ്മിറ്റി അംഗങ്ങൾ മുഖേന ടൂറിസ്റ്റുകൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 477 | 14.7.2009-ൽ മറുപടിയ്ക്ക്

# വ്യവസായ മേഖല മുരടിക്കുന്നതിനു കാരണം കണ്ടെത്തി പരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.ബാബു<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം.മുരളി | | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) | |
| (എ) | പഞ്ചവത്സര പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ സംസ്ഥാനത്തെ വ്യാവസായിക മേഖലയും പരമ്പരാഗത വ്യവസായ മേഖലയും മുരടിക്കുവാനുള്ള കാരണമെന്തെന്ന് അപഗ്രഥിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; | (ബി) | അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ഉയർന്ന ഉൽപാദന ചെലവ്, കുറഞ്ഞ ഉൽപാദന ക്ഷമത, വിദേശ ഉൽപന്നങ്ങളുടെ ലഭ്യത, വൈവിധ്യവൽക്കരണത്തിന്റെ അഭാവം, സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാത്തതു മൂലം പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള നഷ്ടം, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, അന്താരാഷ്ട്ര വിപണിയിലെ കിടമത്സരം മുതലായവയാണ് കേരളത്തിലെ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ. കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിൽ ഗുണ നിലവാരമുള്ള യാണിന്റെ കുറവ്, തോട്ടണ്ടിയുടെ ദൗർലഭ്യം എന്നിവ മൂലം ഈ അസംസ്കൃത വസ്തുക്കൾ അന്യ സംസ്ഥാനങ്ങളിൽ / രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടി വരുന്നതിനാൽ ഉൽപാദന ചെലവ് ക്രമാതീതമായി ഉയരുവാൻ കാരണമാകുന്നു. |
| (സി) | ഇവയ്ക്ക് പരിഹാരം കാണുവാൻ പദ്ധതി നിർദ്ദേശങ്ങളിലൂടെ എന്തെല്ലാം ശ്രമങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ ? | (സി) | അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, വിവര വിനിമയ സാങ്കേതിക വിദ്യയുടെ വ്യാപനം, വ്യവസായ പ്രോത്സാഹന പരിപാടികൾ, റിസർച്ച് ആന്റ് ഡവലപ്പ്മെന്റ്, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ, വിപണന പ്രോത്സാഹന പരിപാടികൾ, സംരംഭകത്വ വികസനം, പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയ കാര്യങ്ങൾക്ക് |

ഊന്നൽ നൽകി കൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. വിദേശ നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി വിദേശ മലയാളികളുടെ നിക്ഷേപം സ്വീകരിച്ചു കൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി ഇൻകെൽ (Infrastructure Development Corporation Kerala Ltd.) എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കിൻഫ്രാ പാർക്കുകൾ, ഐ.റ്റി. ഇൻഫ്രാസ്ട്രക്ച്ചർ പാർക്കുകൾ തുടങ്ങിയവ വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ കൈത്തറി, കയർ എന്നീ പരമ്പരാഗത വ്യവസായ മേഖലയിൽ ക്ലസ്റ്റർ വികസന സമീപനത്തിന് മുൻഗണന നൽകി വരുന്നു. സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 478 14.7.2009-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിൽ പുതുതായി നിയമിക്കപ്പെട്ട ജീവനക്കാർക്ക് പരിശീലനം

ചോദ്യം

ശ്രീ. ബി.രാഘവൻ
ശ്രീ.പി.ടി.എ. റഹീം
ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ. സി.കെ.പി. പത്മനാഭൻ
ശ്രീ. എം. ചന്ദ്രൻ

ഉത്തരം

ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ പുതുതായി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തുമോ; | (എ) | നിലവിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം നൽകുമോ; | (ബി) | പുതുതായി നിയമിക്കപ്പെടുന്ന എല്ലാവിഭാഗം ജീവനക്കാർക്കും അതാത് വിഭാഗങ്ങളിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നതിനായി തിരുവനന്തപുരത്ത് ഒരു സ്റ്റാഫ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ റീജിയണൽ വർക്ക്ഷോപ്പ് എടപ്പാളിലും, എറണാകുളം ഡിപ്പോയിലും ഓരോ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സ്റ്റാഫ് ട്രെയിനിംഗ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത് ; | (സി) | കെ.എസ്.ആർ.ടി.സി.യിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ചുവടെ ചേർത്തിട്ടുള്ള പരിശീലന പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. |

| | | | |
|---|---|---|---|
| | | | 1. പുതുതായി നിയമിക്കപ്പെടുന്നവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗും, സർവ്വീസിലുള്ള ജീവനക്കാർക്ക് ഇൻസർവ്വീസ് ട്രെയിനിംഗും നൽകുന്നു.<br><br>2. യാത്രക്കാരുടെ, വിശിഷ്യാ വനിതായാത്രക്കാരുടെ പരാതികൾ ഒഴിവാക്കുന്നതിന് എല്ലാ കണ്ടക്ടർമാർക്കും ഒരു ദിവസത്തെ പ്രത്യേക പരിശീലനം കൊടുത്തുകഴിഞ്ഞു. അതുവഴി യാത്രക്കാരുടെ പരാതികൾ ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്.<br><br>3. ഉദ്യോഗകയറ്റം ലഭിക്കുന്ന ജീവനക്കാർക്ക് അതാത് മേഖലകളിൽ പരിശീലനം നൽകുന്നു.<br><br>4. വിവിധ സ്ഥാപനങ്ങളുമായിസഹകരിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു.<br><br>5. വിദഗ്ദ്ധ പരിശീലനത്തിനായി നാമക്കൽ ഡ്രൈവിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലും, പൂനയിലെ സി.ഐ.ആർ.ടി. യിലും ജീവനക്കാരെ അയച്ചുവരുന്നു.<br><br>ഓരോ വിഭാഗം ജീവനക്കാർക്കും അതാത് വിഷയങ്ങളിൽ വിദഗ്ദ്ധരായ ഫാക്കൽറ്റികളാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. തൻമൂലം ഓരോ വിഭാഗത്തിന്റെയും ജോലിയുടെ പ്രാധാന്യവും, കർത്തവ്യങ്ങളും മനസ്സിലാക്കുവാനും പൊതുജനങ്ങളോടുള്ള നല്ല പെരുമാറ്റ രീതി, അപകടരഹിതമായി ഡ്രൈവിംഗ് രീതി, മെച്ചപ്പെട്ട |

| | | | |
|---|---|---|---|
| | | | ഇന്ധനക്ഷമത തുടങ്ങിയവ കൈവരിക്കുന്നു. അതുവഴി കാര്യക്ഷമമായി സർവ്വീസ് നടത്തിപ്പ് വരുമാന വർദ്ധനവ് തുടങ്ങിയ കാര്യങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | പുതുതായി നിയമിക്കുന്ന ഡ്രൈവർമാർക്ക് ഡ്യൂട്ടി നൽകുന്നതിന് മുൻപ് നല്ല രീതിയിലുള്ള പരിശീലനം നിർബന്ധിതമാക്കുമോ? | (ഡി) | പുതുതായി നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് ഡ്യൂട്ടി നൽകുന്നതിനുമുൻപ് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. പ്രായോഗിക പരിശീലനം കൂടി ഉൾപ്പെടുത്തിയിട്ടുള്ള വിദഗ്ദ്ധമായ പരിശീലനത്തിന് ശേഷമാണ് പുതുതായി നിയമിക്കപ്പെടുന്ന ഡ്രൈവർമാരെ ഡ്യൂട്ടിയ്ക്ക് നിയമിക്കാറുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 479

14/07/2009 ൽ
മറുപടിക്ക്

**റേഷൻ സാധനങ്ങൾ മറിച്ചു വിൽക്കുന്ന സംഭവങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :<br>ശ്രീ. വി.ജെ. തങ്കപ്പൻ :<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. കെ.സി. രാജഗോപാലൻ : | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും<br>വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് നൽകാതെ മറിച്ചു വിൽക്കുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | റേഷൻ സാധനങ്ങൾ മറിച്ചു വിൽക്കുന്ന **സംഭവ**ങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | റേഷൻ സാധനങ്ങൾ കടത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ട് വർഷകാലയളവിൽ എത്ര കേസുകൾ പിടിച്ചിട്ടുണ്ട് ; | (ബി) | റേഷൻ സാധനങ്ങൾ കടത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ട് വർഷകാലയളവിൽ **231** കേസുകൾ പിടിച്ചിട്ടുണ്ട് ; |
| സി) | റേഷൻ വിതരണത്തിനുള്ള അരി നിറം മാറ്റി മറിച്ചു വിൽക്കുന്ന റാക്കറ്റുകളെ കണ്ടു പിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (സി) | റേഷൻ വിതരണത്തിനുള്ള അരി നിറം മാറ്റി **മറിച്ചു** വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ **നടപടി** സ്വീകരിക്കുന്നതാണ്. |
| ഡി) | റേഷനരിയും ഗോതമ്പും മണ്ണെണ്ണയും മറിച്ചു വിൽക്കുന്നതു തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ? | (ഡി) | റേഷനരിയും ഗോതമ്പും മണ്ണെണ്ണയും മറിച്ചു വിൽക്കുന്നതു തടയാൻ ഫലപ്രദമായ നടപടി സ്വീകരി ച്ചു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 480

14/07/2009 - ൽ മറുപടിക്ക്.

### ദേശീയ ജലപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് എം. പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ചാഴിക്കാടൻ | ശ്രീ.വി.എസ്.അച്ചുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ നിർദ്ദിഷ്ട ദേശീയ ജലപാത വികസനം ഏതുഘട്ടം വരെയായി ; ഈ പ്രവർത്തനത്തിനു തുടക്കമിട്ടത് എന്നാണ് ; | (എ) കോട്ടപ്പുറം മുതൽ കൊച്ചി വരെയുള്ള 1.4 ലക്ഷം $M^3$ ഒഴികെയുള്ള പണിയും കൊച്ചി മുതൽ ആലപ്പുഴ വരെ 24 മണിക്കൂർ ജലഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പണിയും പൂർത്തീകരിച്ചു. കൊല്ലം മുതൽ ആലപ്പുഴ വരെയുള്ള കനാൽ വർക്കിനുവേണ്ടി ഭൂമി കൈവശമെടുത്തു കഴിഞ്ഞു. കനാലിന്റെ ആഴവും വീതിയും കൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു. 11 ടെർമിനലിനുള്ള പ്രൊപ്പോസലിൽ 10 ടെർമിനലിനുള്ള സ്ഥലം മാത്രമേ കൈവശമായിട്ടുള്ളൂ. 11 ടെർമിനലുകളിൽ 7 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ള ടെർമിനലു കളുടെ പണി പുരോഗമിച്ചു വരുന്നു. ഈ പ്രോജക്ടിന്റെ കാലാവധി 2 വർഷമാണ്. 1993 മെയ് മാസമാണ് ഈ പ്രവർത്തനത്തിന് തുടക്കമിട്ടത്. |
| (ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കുള്ള അടങ്കൽ തുകയെത്ര ; ഇതിന്റെ ഫണ്ടിന്റെ സ്രോതസ്സ് ; അതിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമെന്ന് അറിയിക്കുമോ ; | (ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കുള്ള അടങ്കൽ തുക ഏകദേശം 93 കോടി രൂപയാണ്. പ്രസ്തുത ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള മുഴുവൻ തുകയും കേന്ദ്രസർക്കാരിന്റെ ഏജൻസിയായ ദേശീയ ജലപാത അതോറിറ്റിയാണ് ചെലവഴിക്കുന്നത്. |
| (സി) ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; ഇത് എന്ന് പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ; ഇതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമെന്ത് ; വിശദമാക്കുമോ ;<br><br>(ഡി) തടസ്സങ്ങളുണ്ടെങ്കിൽ അവ ഒഴിവാക്കി, പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി)യും (ഡി)യും<br><br>ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ IWAI-യുടെ പൂർണ്ണനിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് പ്രസ്തുത പ്രവൃത്തി സംസ്ഥാന സർക്കാരിന്റെ അധീനതയിൽ അല്ല. 2010 മാർച്ച് മാസത്തോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

Lalithambai.O
സെക്ഷൻ ഓഫീസർ